
കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിമൂന്ന്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിമൂന്ന്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Vintage Bhim, an oleograph litho by Ravi Varma Press B. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 33 —

“പരാതി പരിഗണിക്കാതെ ഹസ്തിനപുരി നീതിപീഠം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ചൂതാട്ടത്തിൽ സ്വത്തു നഷ്ടപ്പെട്ട പാണ്ഡവരുടെ മാനം രക്ഷിക്കാൻ തട്ടിക്കൂട്ടിയ ലൈംഗിക അതിക്രമ പരാതി എന്നാണ് നീതിപീഠ സംശയം. കൗരവ സാക്ഷിമൊഴിയിൽ ശ്രദ്ധാലോചന തെളിഞ്ഞാൽ പാഞ്ചാലിയെ കൗരവരുടെ അന്തപുരത്തിൽ അടിമയാക്കും. അതോടെ പാണ്ഡവർ പരാതി പിൻവലിച്ചു”.

“വന്യമൃഗങ്ങളെ പാണ്ഡവർ കൊന്നതിനെന്ന എന്നാണ് പുതിയ പരാതി. എങ്ങനെ നേരിടും ശിക്ഷാ നടപടി”, കൊട്ടാരം ലേഖിക ചോദിച്ചു.

“അക്രമകാരികൾ ആശ്രമത്തിനുള്ളിൽ കയറിയാൽ പ്രതിരോധിക്കണോ? അതോ കൈകൾ ഉയർത്തണോ? മൃഗം കൊല്ലപ്പെട്ടാൽ തൊലി ഉരിച്ചു പാഞ്ചാലി മാംസം വിളമ്പാറുണ്ടോ എന്നല്ലേ? ദുര്യോധനൻ വന്നു ഊട്ടുപുര നോക്കട്ടെ. പദവി പൗരാവകാശം ഒക്കെ പോയ പാണ്ഡവർ എന്തിനും തയ്യാർ.”

“ അന്തഃപുരത്തിൽ തോഴിജോലി ചെയ്യുന്ന നിങ്ങൾ, എങ്ങനെ വിരാട സൈനികമേധാവി കീചകനുമായി ഇത്രയധികം പരിചയപ്പെട്ടു?”, വിരാട രാജ്ഞിയുടെ കേശാലങ്കാര ചുമതല വഹിച്ചിരുന്ന ‘സൈരന്ധ്രി’യോട് കൊട്ടാരം ലേഖിക ചോദിച്ചു. അജ്ഞാത വാസക്കാലം.

“രാജ്ഞി സുദേഷ്ണയുടെ കൊച്ചനിയനു സൈനികമേധാവിയെന്ന നിലയിലും ഉണ്ടൊരു വിശിഷ്ട മേൽവിലാസം! സുദേഷ്ണയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരിയെന്ന നിലയിൽ അതു ഞാൻ മാനിക്കണമല്ലോ. കീചകന്റെ അത്താഴത്തിനു മേൽത്തരം ഊട്ടുപുര വിഭവങ്ങൾ കീചക വസതിയിൽ ഞാൻ വേണം അണിഞ്ഞൊടുങ്ങി എത്തിക്കാൻ, അന്തഃപുരത്തിൽ നിന്നു മദ്യവും മാംസവിഭവങ്ങളും സംഭരിക്കാൻ. വനവാസക്കാലത്ത് ആശ്രമങ്ങളിലെ മാലിന്യം സംസ്കരിക്കുന്ന പ്രേഷിത ദൗത്യം കാര്യക്ഷമമായി ഒരു വ്യാഴവട്ടക്കാലം ചെയ്ത എനിക്കുണ്ടോ കീചകനത്താഴം എത്തിക്കുന്നതിൽ അമിതഭാരം! വിളമ്പിക്കൊടുത്താലൊന്നും വാരിത്തിന്നുന്ന ആർത്തി പ്രകൃതമായിരുന്നില്ല, വായിൽ കൊടുക്കുമ്പോൾ കഴിച്ചെന്നിരിക്കും. മതിയെന്നു പറയുന്നതിനുപകരം, എന്റെ കൈ മൃദുവായിപിടിച്ചു ഭാവിരേഖകൾ നോക്കും, “നീണ്ടകാലമായി നീ പ്രവാസിയാണല്ലേ? ആപത്തിൽ നിന്നെ സഹായിക്കാമെന്ന ഉറപ്പുതരാം, പ്രത്യുപകാരത്തിൽ എന്നോട് രഹസ്യമായി സഹകരിക്കുമെങ്കിൽ? ദൂരെദൂരെ നിന്റെ ശത്രു, വലവീശിയിട്ടുണ്ട്. ഒപ്പമുള്ള അഞ്ചുപേരെയും ഉടൻ ദുര്യോധനൻ ബന്ദിയാക്കും, ഹസ്തിനപുരിയുടെ ചങ്ങാത്തരാഷ്ട്രമായ വിരാടയുടെ സൈനികമേധാവിയെന്ന നിലയിൽ നിങ്ങൾ ആറുപേരെ കൗരവർക്കു കൈമാറാൻ ഞാനപ്പോൾ ഉടമ്പടിയെന്നു സരിച്ചു ബാധ്യസ്ഥനവും. നിന്നെ തലപോവാത്ത വിധം രക്ഷിക്കാൻ ഞാൻ ശ്രമിക്കാം. പകരം ഈ ഉടൽ എനിക്ക് വിട്ടുതരൂ. അവിവാഹിതനെങ്കിലും ഞാൻ സ്ത്രീവിരുദ്ധനല്ല. കൂട്ട് കൂടാമോ? എന്നുപറഞ്ഞു എന്റെ കൈപ്പത്തിയിൽ മുഖമമർത്തി. എങ്ങനെ നിരാകരിക്കും അത്രയും കരുതൽ കാണിക്കുന്ന കീചകന്റെ പ്രലോഭനം!” കീചകജഡം ചിതയിലെടുക്കുമ്പോൾ, “സതി ചെയ്യാൻ അവളെയും കീചകചിതയിലെറിയുക, കീചക—സൈരന്ധ്രി കമിതാക്കളുടെ മരണാനന്തരജീവിതം ആ വിധം എന്നും എന്നെന്നും മഹത്വപ്പെടട്ടെ”, ഈറനണിഞ്ഞ സൈരന്ധ്രിയുടെ ഉടലിനായി വിരാട സൈനികർ ബഹളംവച്ചു. അവളുടെ ഭർത്താക്കന്മാർ എന്ന് രാജധാനിയിൽ സംശയിക്കപ്പെട്ട അഞ്ചുപേരിൽ ‘തടിച്ചുകുറുകിയവൻ’ ഒളിഞ്ഞിരുന്നു ആശങ്കയോടെ രംഗം നിരീക്ഷിച്ചു.”

◇ 2025/03/02 ◇

“പരിപാലനം പരിചയിച്ച വളർത്തുമൃഗങ്ങളെ നിങ്ങൾ അഞ്ചുപേർ രാത്രി മോഷ്ടിച്ചു കൊണ്ടുപോയി, തല വെട്ടി മാംസമാക്കുമ്പോൾ, ഉള്ളിൽ മനഃസാക്ഷി ഒച്ച വക്കാറില്ലേ?”, കൊട്ടാരം ലേഖിക പാണ്ഡവ സഹോദരന്മാരെ നേരിട്ടു. വനവാസക്കാലം.

“പരിപാലനം പ്രതീക്ഷിക്കുന്ന പാണ്ഡവരെ നിങ്ങൾ എന്താ ഇത്ര ക്ഷണം മറന്നോ? അക്ഷയപാത്രം തരുന്ന ധാന്യഭക്ഷണം വിശപ്പടക്കും, എന്നാൽ തീരെ രുചി തോന്നില്ല. നിദ്രാവിഹീനമായ അസംതൃപ്ത രാത്രികൾ ഞങ്ങളെ അപ്പോൾ കർമ്മനിരതരാക്കും, മൃഗങ്ങളുടെ ഉടമ ആരെന്നല്ല നോക്കുക, തൊഴുത്ത് എവിടെ എന്നായിരിക്കും, കയറഴിച്ചു കൊണ്ടുപോവുമ്പോൾ ഇരയുടെ കണ്ണുകൾ അല്ല നോക്കുക, മാംസം എത്ര? ഇഷ്ടഭക്ഷണം മൗലിക അവകാശം എന്ന കാര്യഗൗരവത്തോടെ ഏറ്റുപിടിക്കും. പാഞ്ചാലി സസ്യാഹാരം മാത്രമെ കഴിക്കൂ എന്നതിൽ നീരസം പോലും തോന്നും. മടവാൾ ഇതിനിടക്ക് അതിന്റെ വെട്ടൽകൃത്യം നിർവ്വഹിക്കും. മൗലികാവകാശം അതിന്റെ നേട്ടം ആസ്വദിക്കും, ഒരുവട്ടം കൂട്ടംകൂടാമോ?”

“ഇന്ദ്രപ്രസ്ഥംജനത കൗരവ അധിനിവേശത്തിൽ പ്രതിഷേധിച്ചു തെരുവിൽ ഒന്നും ഇറങ്ങിയില്ലല്ലോ. അവർക്ക് എന്താ ദേശീയബോധം കുറവാണെന്നോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“പാണ്ഡവർ വനവാസത്തിന് തലകുനിച്ചു വടക്കോട്ട് നീങ്ങുമ്പോൾ, കൗരവർ പടിഞ്ഞാട്ടു യമുനാതീര ഇന്ദ്രപ്രസ്ഥം നഗരിയിലേക്ക് കുതിച്ചു. കൊടുക്കേണ്ടത് കൊടുത്തപ്പോൾ, ഇന്ദ്രപ്രസ്ഥം നഗരപാലികർ വാലാട്ടി രഹസ്യമുറികൾ തുറന്നു തന്നു. ഭരണ നിർവ്വാഹക സംഘത്തിന്റെ സഹകരണവും ഉടനടിയുണ്ടായി. സൈനികർ വേറൊരു വഴിയിലൂടെയാണ് പോയത് എങ്കിലും എള്ളോളം കണ്ടില്ല ചെറുത്തുനിൽപ്പ്. ഉറയിൽനിന്നും ആർക്കും ഊരേണ്ടിവന്നില്ല വാൾ എന്നർത്ഥം. പാണ്ഡവദുർഭരണത്തിൽ നിന്നു വന്നുചേർന്ന മോചനത്തിനൊരു സ്മരണികയായി അവർ എന്റെ പൂർണ്ണകായ വെങ്കലപ്രതിമ നഗരചത്വരത്തിൽ സ്ഥാപിച്ചു. എന്നിട്ടവർ ശിലാഫലകത്തിൽ എഴുതിച്ചേർത്തു, “മോചകൻദുര്യോധനൻ, ഇവൻ ഞങ്ങൾക്കു രക്ഷകൻ”. ഉള്ളുനിറഞ്ഞുചെയ്യുന്ന ഇത്തരം സ്നേഹദീപങ്ങൾ എങ്ങനെ ഞാൻ കെടുത്തും? കപ്പം വാങ്ങി യാത്രതിരിച്ചു. അടുത്തകൊല്ലം വീണ്ടും പോവും, ഇന്ദ്രപ്രസ്ഥത്തിൽ കൗരവഭരണം പുനരവലോകനം ചെയ്ത് ഭാവികാര്യങ്ങൾക്കപ്പോൾ രൂപം നൽകും. അതാണ് പറഞ്ഞത് പാണ്ഡവരുടെ വനവാസം ഇന്ദ്രപ്രസ്ഥംവാസികൾ ആഘോഷമാക്കി!”

“ധൃതരാഷ്ട്രരിൽനിന്നും, പാണ്ഡവർ ചെങ്കോൽ തട്ടിയെടുത്താൽ, പിന്നെ യുധിഷ്ഠിരന്റെ ശ്രമം കൗരവകുടുംബാംഗങ്ങളെ അരമനസമുച്ചയത്തിൽ നിന്നും പുറത്തു ചാടിക്കാനായിരിക്കും എന്ന വിദുര സാധ്യതയുണ്ടോ?”, കൊട്ടാരം ലേഖിക, ചാരവകുപ്പ് മേധാവി നകുലനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“എന്തിന സാധ്യത അതിനുമാത്രം വിദൂരമാക്കണം? കുരുക്ഷേത്ര വിധവകളെ സുരക്ഷിതയിടത്തിലേക്കു പുനരധിവാസം ചെയ്യാതെ പറ്റുമോ എന്നചോദ്യം പാഞ്ചാലി പരിഗണിച്ചതൊന്നും ഞാൻ നിഷേധിക്കുന്നില്ല. അരമനവസതികളിൽ സുന്ദരികളായ നൂറോളം വിധവകളുടെ രാപ്പകൽ സാന്നിധ്യം, കായികക്ഷമതയുള്ള കൗന്തേയരിൽ വൈകാരിക അസ്വാരസ്യങ്ങൾ ഉണ്ടാക്കാമെന്ന്, സമാന ശാരീരികതയുള്ള പത്രപ്രവർത്തകർക്ക് ഊഹിക്കാവുന്നതല്ലേ? കുരുക്ഷേത്രയിൽ നിന്നും ഹസ്തിനപുരിയിലേക്കുള്ള വഴിനീളെ, നാലു സഹോദരർക്കും, പാവം, യുധിഷ്ഠിരൻ സ്ത്രീനീതിയുടെ ബാലപാഠം ദ്രൗപദിയുടെ സാന്നിധ്യത്തിൽ ചൊല്ലിക്കൊടുത്തു. “ജേതാക്കളായിരിക്കാം നിങ്ങൾ, എന്നാൽ യുദ്ധവിധവകളെ ബലാൽക്കാരം ചെയ്യുന്നവരെന്ന കുപ്രസിദ്ധി നിങ്ങൾക്കരുത്”. ഇതിലധികം വ്യക്തമായി സദാചാര ദാമ്പത്യ പ്രബോധനം ആർക്കു സാധിക്കും! എന്നിട്ടും, പുനരധിവാസം മുൻഗണനാക്രമത്തിൽ പുതുപാണ്ഡവ ഭരണകൂടം പരിഗണിക്കണമെങ്കിൽ, പാഞ്ചാലിയുടെ ദുഷ്പ്രേരണ എത്ര ശക്തം എന്ന ലഘുവായി ഊഹിച്ചാൽ മതി. ദുര്യോധനഭരണകാലത്തു രാഷ്ട്രീയവിമതരെ കഠിനതടവിൽ പാർപ്പിച്ച ഒരു കാരാഗൃഹം ആളൊഴിഞ്ഞു കിടക്കുന്നു. അവിടേക്കു മാറ്റിപ്പാർപ്പിക്കും നൂറു വിധവകളെയും അവരുടെ അവിവാഹിത പുത്രിമാരെയും.”

◇ 2025/03/03 ◇

“ലൈംഗികപരാതി കൊടുക്കാൻ വ്യവസ്ഥാപിതവഴി ഉണ്ടായിട്ടും, ചെയ്യാതെ ഈ ബഹിഷ്കരണം കൊണ്ട് എന്തു നേട്ടം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസത്തിന് ആറംഗ പാണ്ഡവ കുടുംബം പടിയിറങ്ങുന്ന നേരം.

“പരാതി അന്വേഷിക്കാൻ തിരുവസ്ത്രധാരി സൈന്ധവ രാജാവ് എന്നെ കാണാൻ വന്ന, രഹസ്യമൊഴി വേണം എന്ന് പറഞ്ഞു എന്റെ അടുത്തിരുന്നു. പാണ്ഡവരെ മുറിക്ക് പുറത്താക്കി. ദുശ്ശാസനൻ എവിടെയൊക്കെ നിന്നെ തൊട്ട തലോടി തുടങ്ങി, എന്നയാൾ ചോദിച്ചു. എന്റെ മൊഴിയുടെ പനയോലരേഖ കാണട്ടെ എന്ന് ഞാൻ ആവശ്യപ്പെട്ടപ്പോൾ, എല്ലാം എനിക്ക് ഓർമ്മ ഉണ്ടല്ലോ, നിനക്കുവേണ്ടി നീതിപീഠത്തിൽ മൊഴി കൊടുക്കാൻ എന്ന് കവിളിൽ തലോടി അശ്രദ്ധമായി അവകാശപ്പെട്ടു. പിന്നീട് ബഹുഭർതൃത്വത്തിന്റെ നിശാകേളികൾ വിശദമായി പറയാൻ ആവശ്യപ്പെട്ടു. പാണ്ഡവർ നിത്യവും ചെയ്യുന്ന ലൈംഗിക ഗാർഹിക വൈകാരിക അതിക്രമങ്ങൾ ഒന്നൊന്നായി കേട്ട് അയാൾ എഴുന്നേറ്റ് പുച്ഛത്തോടെ പറഞ്ഞു, എന്റെ ഭാര്യാസഹോദരൻ ദുശ്ശാസനൻ, പാവം, എത്ര ലോലഹൃദയൻ, പഞ്ചപാണ്ഡവരുടെ പാപക്രിയ നോക്കുമ്പോൾ!”

“ദുര്യോധനൻ പോലും ചെയ്യാനറച്ച ക്രൂരകൃത്യം നിങ്ങൾ ഏറ്റെടുത്തു? ഇരയുടെ നെഞ്ചിൽ വാൾ കുത്തിയിറക്കാൻ എന്തായിരുന്നു പ്രചോദനം?”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“ഞാനുമൊരു കൗന്തേയനല്ലേ? കണ്ടാൽ മുഖം തിരിക്കുമെങ്കിലും, ജനിതകധാര ഒന്നല്ലേ? ഭീഷ്മർ യുദ്ധം നയിച്ച പത്തുദിവസങ്ങളിൽ, യുധിഷ്ഠിര തല ഉരുണ്ടില്ലെങ്കിലും, പാണ്ഡവ ഭാഗത്തു നിർജ്ജീവത വ്യക്തമായതല്ലേ? മൂന്നാംലിംഗ പോരാളിയുടെ മുമ്പിൽ ആക്രമണ വിധേയനായ ഭീഷ്മർ, ശരശയ്യയിൽ മലർന്നടിച്ചപ്പോൾ പിന്നെ ദ്രോണർ സൈന്യം നയിച്ചു. ഞാനും ആദ്യമായി പോർക്കളത്തിൽ ഇറങ്ങി. അതൊരൊന്നൊന്നൊര ആക്രമണനിര തന്നെയായി. പാണ്ഡവർ അടിയറവു വക്കാൻ പാടുപെടേണ്ടതില്ല എന്ന കൗരവബോധ്യം ശക്തമായപ്പോൾ, എന്നിലെ കൗന്തേയപക്ഷക്കാരൻ അഭിമന്യുവധം മഹാസംഭവമാക്കി. പാണ്ഡവർ ‘ഉറക്കമുണർന്ന’ വാളും കുന്തവുമായി കൗരവർക്കുനേരെ കുതിച്ചു. കൗരവ ആട്ടും തുപ്പുമേറ്റ് മിക്കവാറും ജീവരഹിതമായ ശവത്തിലാണ് വാൾ കുത്തിയതെങ്കിലും, ഭൗതികാവശിഷ്ടം പാണ്ഡവർക്ക് നേരെ എറിഞ്ഞു കൊടുത്തതാണ് സ്തോഭജനകമായി നിങ്ങൾ കൊണ്ടാടിയത്. എറിഞ്ഞു കൊടുത്തില്ലായിരുന്നെങ്കിൽ? യമുനാതീരത്തു വമ്പിച്ച ജനാവലിയുടെ സാനിധ്യത്തിൽ ‘അഭിമന്യു അഭിമന്യു’ എന്ന് ഓരോ പാണ്ഡവ സഖ്യ സൈനികനും വിരൽ കീറി ചോര നെറ്റിയിൽ തൊട്ടു പ്രതിജ്ഞ എടുക്കുമായിരുന്നുവോ? ഊട്ടുപുരയിലെ മൃഗമാംസ ലഭ്യതയെ കുറിച്ചും, പാളയത്തിൽ മദിരാക്ഷി സേവനംകിട്ടാത്തതിനെ കുറിച്ചും പരാതി പറഞ്ഞ പാണ്ഡവ സഖ്യകക്ഷി മേധാവികൾ ക്രൂരത്ത വിരുതുകളുമായി കൗരവ കണ്ണുകളിൽ കുത്താൻ ഓടിവന്നതു കാണുന്നില്ലേ? ദ്വാരകയിൽ വളർന്ന അഭിമന്യു, ഹ്രസ്വ ജീവിതത്തിൽ, പാണ്ഡവർക്കന്യനായിരുന്നെങ്കിലും, മരണത്തിലവൻ അവരെ കാലാതീതം കൂട്ടുകാരാക്കി. അഭിമന്യുമരണം ഓരോ യുദ്ധകാലത്തും വിശ്വമാകെ ഓർക്കപ്പെട്ടു. അതാണ് ജഡത്തിൽ വാളിറക്കിയവന്റെ കൗന്തേയത്വം.”

◇ 2025/03/04 ◇

“ഒന്നിലധികം മക്കളുള്ള ഗാന്ധാരി, ഓരോ കൗരവനെയും തിരിച്ചറിയുക ഉടൽ മണപ്പിച്ചാണ് എന്ന് അരമനദാസികൾ പറഞ്ഞു കേട്ടിട്ടുണ്ട്. ഒന്നിലധികം ഭർത്താക്കന്മാർ നിലവിൽ ഉള്ള നിങ്ങൾ എങ്ങനെ രാത്രി വിളക്ക് കെട്ടാൽ പായക്കുട്ടിന് വരുന്ന ഓരോ പണ്ഡവനെയും തിരിച്ചറിയും?”, കൊട്ടാരം ലേഖിക ചോദിച്ചു വനവാസക്കാലം.

“ഉടൽസ്പർശനത്തിലൂടെ. അതോ, പായിൽ എഴുന്നേറ്റു നിന്നു, സ്വയം പേർ പറഞ്ഞു പരിചയം പുതുക്കാൻ പറയുമോ, നിങ്ങളുടെ നാട്ടിൽ?”

“അരമന ഊട്ടുപുര അടയ്ക്കും വരെ എത്തിയോ യുദ്ധക്കെട്ടതി?”, സൗജന്യ പ്രാതൽ മോഹിച്ചു വന്ന കൊട്ടാരം ലേഖിക, മുൻ മഹാറാണി കുന്തിയുമായി ആശങ്ക കൈമാറി. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“യുദ്ധം ഒന്നിനും പരിഹാരമല്ലെന്നും, അഹിംസയിൽ കവിഞ്ഞ ദിവ്യായുധം ഇല്ലെന്നും വിശ്വസിച്ച കൗരവരും പാണ്ഡവരും ഇടക്കൊന്ന കൊമ്പ് കോർത്തപ്പോൾ ഓർത്തില്ല ഇത്ര കടുപ്പത്തിൽ ഒരു ഭക്ഷ്യക്ഷാമം!”

“ഭരണപക്ഷത്തുള്ളവർ വാമൊഴിഭാഷ ശ്രദ്ധിക്കണം എന്ന് ചാർവാകൻ കുതിരപ്പന്തിയിൽ പറയുന്നതിൽ കാര്യമുണ്ടോ?” കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“കുരുക്ഷേത്ര വിധവകളെ ആശ്വസിപ്പിക്കാൻ ഭീമൻ പുനരധിവാസകേന്ദ്രത്തിൽ പോയി എന്നതു് വസ്തുത. സുന്ദരികളായ ഒന്നരണ്ടു വിധവകളെ ആലിംഗനം ചെയ്തുകൊണ്ടായിരുന്ന ആശ്വാസവാക്ക് ഉച്ചരിച്ചതു എന്നതും ഭീമനിയോഗത്തിൽ ഉണ്ടാവാം. എന്നാൽ ജനനം മുതൽ നേരിയ ഇടവേള ഒഴികെ, കാട്ടിൽ തന്നെ കഴിഞ്ഞ പാണ്ഡവർ ഉച്ചരിക്കുന്ന നിത്യവ്യവഹാര ഭാഷയിൽ, ഉടലാട്ടപ്പം തോന്നിപ്പിക്കുന്ന ഭാഷാ പ്രയോഗങ്ങൾ പതിവാണല്ലോ. അതെല്ലാം സൗജന്യമധുരമായ മന്ദഹാസത്തോടെ മറക്കുന്നതിന് പകരം, ചാർവാകപ്രഭാഷണം പാണ്ഡവഭാഷാശ്രദ്ധിയിൽ ഊന്നിയാൽ, ഒരുപക്ഷേ, അടയുക ഊട്ടുപുരയിലേക്കുള്ള സ്വാഗതമായിരിക്കും”

“പന്ത്രണ്ടുവർഷം അന്തിയുറങ്ങിയ കാട്ടുകുടിലിൽ നിന്നോതോ അജ്ഞാതവസതിയിലേക്ക് യാത്രയായപ്പോൾ, വിരഹവേദന തോന്നിയില്ലേ? നട്ടുവളർത്തി വലുതായ പൂമരങ്ങൾ, പരിപാലിച്ച മാനും മുയലും, ഒന്നുമുണ്ടായില്ലേ തിരിഞ്ഞു നോക്കുമ്പോൾ ആർദ്ര സ്മൃതിയുണർത്തുവാൻ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“വേട്ടയാടിയ മൃഗം വെട്ടിപ്പൊളിച്ചു എല്ലുംതോലും കൂട്ടിയിട്ടതൊക്കെ മറവു ചെയ്യുന്ന തിരക്കിലായിരുന്ന പാണ്ഡവർ അഞ്ചുപേരും. എന്റെ നഷ്ടപ്പെട്ട ദിനങ്ങളും അവരറിയാതെ ഞാനതിൽ കഴിച്ചുമൂടി.”

◇ 2025/03/05 ◇

“പ്രിയമുള്ളവൾക്ക് ഉടൽ മിനുക്കാൻ സുഗന്ധതൈലം, കൃട്ടിക്കാലം മുതൽ കൗരവരോട് മത്സരിക്കുന്ന പാണ്ഡവരെ രാപ്പകൽ മയക്കി കിടത്താൻ ലഹരിമരുന്നും, അങ്ങനെയാണോ നിങ്ങൾ ഇപ്പോൾ ദൂരെ ദൂരെ ഇരുന്ന അർദ്ധസഹോദരരെ കുടിലമായി കൈകാര്യം ചെയ്യുന്നത്?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“പോർക്കളത്തിൽ കൗരവരെ ഏറ്റുമുട്ടാൻ സായുധപാണ്ഡവരെ ഞങ്ങൾ സജ്ജമാക്കുമോ, അതോ പതുക്കെ പതുക്കെ അവരുടെ സൈനികക്ഷമത ഇല്ലാതാക്കുമോ?”

“ദ്രോണർ സ്ഥലത്തില്ലാത്ത സമയത്തു, ഭീമൻ ദുര്യോധനനെ മർദിക്കുന്നതു കണ്ടിട്ടും, മറ്റുനാലു പാണ്ഡവർ അർത്ഥഗർഭമായ മൗനം പാലിച്ച എന്ന ആഖ്യാനം കറങ്ങിയിരുന്നല്ലോ. മടങ്ങിവന്ന ദ്രോണർ, മൗനംപാലിച്ചവരെ ഒരാഴ്ച്ച ശ്രമദാനശിക്ഷ നൽകി ശിഷ്യഗണത്തിന്റെ പൗരധർമ്മം അരക്കിട്ടുറപ്പിക്കുകയായിരുന്നു. എന്നാൽ അതേ ദ്രോണർ, ദ്രൗപദീ വസ്ത്രാക്ഷേപത്തിൽ ‘മൗന’സാക്ഷിയായി എന്നതിൽ പൗരധർമ്മത്തെക്കുറിച്ചു എന്ത് നാം വായിച്ചെടുക്കണം?” കൊട്ടാരം ലേഖിക ചാർവകനോട് ചോദിച്ചു. ദ്രോണജന്മദിനാഘോഷത്തിൽ വിരുന്നുവന്നതായിരുന്ന യുക്തിവാദി.

“ഗുരുകുലം തുടങ്ങുന്നകാലത്തു കൗശലദ്രോണർ അറിഞ്ഞു, അഭയാർത്ഥിപാണ്ഡവർ എന്തുപീഡനവും സഹിക്കും. അവരെ ശിക്ഷിക്കാൻ മനഃസാക്ഷിയോടു കൂടിയാലോചിക്കേണ്ടി വന്നില്ല എന്നാൽ പാഞ്ചാലിയുടെ ഉടുതുണിയിൽ ദുശ്ശാസനൻ പിടിമുറുക്കിയപ്പോൾ ‘അരുതേ കാട്ടാളാ’ എന്ന് വിലപിക്കാൻ ആവാത്തവിധം ദ്രോണർ ഹസ്തിനപുരി അരമനവാസത്തിൽ അഭിരമിച്ചിരുന്നു. മൂന്നനേരം സമൃദ്ധമായി ഇഷ്ടഭക്ഷണം കിട്ടുക സൈനികഉപദേശകൻ എന്ന നിലയിൽ യുദ്ധക്കോപ്പനിർമ്മാണത്തിനുവേണ്ട ആയുധ കരാറുകൾ വീതിക്കുമ്പോൾ, മടിനിറയെ വെള്ളി നാണയങ്ങൾ വീണുകിട്ടുക ഇതൊക്കെ കൈവിട്ടു എന്തിനു പ്രതിരോധിക്കണം പാഞ്ചാലിയെ?”

“വംശഹത്യ ലക്ഷ്യംകണ്ടല്ലോ. ഹസ്തിനപുരിയിലേക്ക് വിജയകാഹളം മുഴക്കി ഉടൻ യാത്രതിരിക്കേണ്ടേ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ദുര്യോധനൻ ആയിരുന്ന അവസാനമായി വീണ പോരാളി. പതിനെട്ടാം ദിവസം സന്ധ്യ.

“അവിടെയല്ലേ കൗരവരും പാണ്ഡവരും തമ്മിലുള്ള നന്മതിന്മയുടെ വ്യത്യാസം. പാണ്ഡവ പോരാട്ടം വ്യക്തികേന്ദ്രിതമായിരുന്നില്ല. പിന്തിരിപ്പൻ നിലപാടുകളോടും നീതിരാഹിത്യത്തിലൂന്നിയ കരാർലംഘനത്തോടുമായിരുന്നു. പടവെട്ടി ജയിച്ചു ചാടിപ്പുറപ്പെട്ടു ചെങ്കോൽ കൈക്കലാക്കുകയല്ല ലക്ഷ്യം. കഥാവശേഷരായ കൗരവസഹോദരർക്കു അന്ത്യോപചാരം അർപ്പിക്കുന്ന ചരമശ്ലോകത്തിൽ സാന്നിധ്യമുണ്ടാവുക. ശവസംസ്കാരത്തിനു ഒരുക്കങ്ങൾ പൂർത്തിയാക്കുക, പ്രിയപ്പെട്ടവരേ നിങ്ങളുടെ ആത്മാവുകൾക്കു സ്വസ്തി ആശംസിച്ചു എള്ളും പൂവും ചേർത്ത് ബലിഘട്ടത്തിൽ സമർപ്പിക്കുക—അങ്ങനെ ചെറുതല്ലാത്ത നടപടിയുണ്ട്. നിങ്ങൾ കാണാത്തൊരു ആത്മീയമുഖം—ഈ കാണുന്ന ഭൂമിയുമായി മാത്രമല്ല ബന്ധം, അത് ഭൂമിക്കപ്പുറത്തെ സൗരയൂഥവും കടന്നു, അതിവിദൂര ക്ഷീരപഥത്തിലും വ്യാപിക്കും! വെറുതെയാണെന്നു നിങ്ങൾ വിഭാവനചെയ്യുവൊ, ഇതിഹാസകഥാപാത്രങ്ങൾ എന്ന പദവി യുഗാന്തരങ്ങളിൻ നിർത്താൻ പാണ്ഡവർ അതീതശക്തികളാൽ അധികാരപ്പെട്ടവർ!” അപ്പോൾ പിടിച്ചെടുത്തൊരു മുയലിനെ തൊലിയൂരി കനലിൽ ചുട്ടെടുക്കുകയായിരുന്ന ഭീമൻ ജ്യേഷ്ഠപാണ്ഡവനെ മടുപ്പോടെ നോക്കി.

“മിന്നലാക്രമണത്തിൽ ചില വയസ്സൻകൌരവരെ അഭിമന്യു വെള്ളം കുടിപ്പിക്കുമെന്ന നകുലപ്രസ്താവന പിടിവിട്ട പോർക്കളത്തിൽ വിവാദമായല്ലൊ”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ഉള്ളത് പറഞ്ഞാൽ ഏതു ‘വെള്ളംകുടി’യും വിവാദമാവില്ലെ? അനാഥ കൌരവബീജങ്ങൾ നൂറു മൺഭരണികളിൽ നിന്ന് ഒന്നൊന്നായി ഹസ്തിനപുരി അന്തഃപുരത്തിൽ ഉയരുംമുമ്പ് തന്നെ, കാട്ടിൽ ആദ്യപുത്രൻ യുധിഷ്ഠിരൻ ജനിച്ചിരുന്ന എന്ന കുന്തിയുടെ സത്യവാങ്മൂലത്തിന്റെ ബലത്തിലല്ലേ കുരുവംശമൂപ്പിളമ അധികാരതർക്കമായതു? കുരുക്ഷേത്രയിലെത്തിയാൽ ആയിരംപൂർണചന്ദ്രന്മാരെ കണ്ട കൗരവരെ വെള്ളം കുടിപ്പിക്കാൻ ചക്രവ്യൂഹത്തിൽ തന്നെ നാളെ ഇടിച്ചു കയറട്ടെ പതിനാറെത്താത്ത പുതുതലമുറ പാണ്ഡവകുമാരൻ. ഒന്നുകിൽ ഞങ്ങൾ, അല്ലെങ്കിൽ അഭിമന്യു!”

◇ 2025/03/07 ◇

“എന്താണിപ്പോൾ കരിപിടിച്ച കലംകമഴ്ത്തി സമരം ചെയ്യാൻ?” കൊട്ടാരം ലേഖിക കുരുക്ഷേത്രവിധവകളുടെ കൂട്ടായ്മയിൽ ചോദിച്ചു. പാണ്ഡവ ദുർഭരണം തുടങ്ങിയ ദിനങ്ങൾ.

“നിലവിളി നിങ്ങൾ കേൾക്കാറില്ലേ? കൗരവ വംശനാശം പൂർണ്ണം എന്ന വ്യാജ അവകാശവാദവുമായി ഹസ്തിന പുരിഭരണത്തിൽ അനധികൃതമായി പ്രവേശിച്ച പാണ്ഡവർ ഞങ്ങളെ കുടിയൊഴിപ്പിച്ചു ഈ പുനരധിവാസനരകത്തിൽ പാർപ്പിച്ചു. പശിയടക്കാൻ ധാന്യം തരാതെ, ദിവസവേതനത്തിൽ പാണ്ഡവർക്ക് വ്യക്തിഗതസേവനം ചെയ്യാൻ ആവശ്യപ്പെട്ടു. പെണ്ണഭിമാനം കാപ്പാത്താൻ അതിൽനിന്നും പിൻവലിഞ്ഞു. ധാന്യം പ്രതീക്ഷിച്ച പകൽ മുഴുവൻ കാത്തു. കൗരവകുട്ടികൾക്ക് അത്താഴപ്പട്ടിണി. കമഴ്ത്തിയ കലങ്ങൾ കാട്ടി ഞങ്ങൾ ഇതാ അറിയിക്കുന്ന അർധരാത്രിയോടെ പശിയടക്കാൻ ധാന്യം കിട്ടുന്നില്ല എങ്കിൽ, അറന്നൂറോളം പേരുള്ള കൗരവവിധവകളും കുട്ടികളും യുധിഷ്ഠിര അരമന കയ്യേറ്റം ചെയ്യും. നഷ്ടപ്പെടാൻ ഞങ്ങൾക്ക് ജീവൻ മാത്രം.”

“ഭീമനെ നിങ്ങൾ പരുഷവാക്കുകൾ കൊണ്ട് ഇടിച്ചുതാഴ്ത്തുന്നത് കണ്ടിട്ടുണ്ട്. പ്രായശ്ചിത്തംപോലെ കാണാം, ഒരുപിടി നന്ദിനിറഞ്ഞ പരിലാളനയും. എന്തായിരുന്നു ഭീമനെ ഇരയും ഓമനയും ആക്കി കബളിപ്പിക്കുന്ന കുടില ദാമ്പത്യതന്ത്രം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അതിരാവിലെ, ആറുപേരുടെ വിഴപ്പുകെട്ടു ചുമന്നു അവൻ ജലാശയത്തിലേക്ക് കുന്നിറങ്ങി പോവുന്നത് കാണാം. സന്യസ്ഥാശ്രമത്തിലെ മാലിന്യനീക്കം കഴിഞ്ഞു ഞാൻ കുളിക്കാൻ പോവുമ്പോൾ, വിഴപ്പു ഒന്നൊന്നായി അടിച്ചു തിരുമ്മി, ഉണക്കി മടക്കി, തലച്ചുമടായി തിരിച്ചു ഭീമൻ കുന്നുകയറുന്നുണ്ടാവും. ചെയ്തത് ഇഷ്ടമായോ എന്ന ബാലനോട്ടമുണ്ട് ഭീമമുഖത്ത്. ഞാനൊന്നും വാമൊഴിയായി പറയില്ലെങ്കിലും, “ഉന്മാദം ഉന്മാദം” എന്നവൻ പായിൽ മലർന്നുകിടന്ന രാത്രിയിൽ ആർമാദിക്കുന്നത് വരെ അതിസൂക്ഷ്മ വ്യക്തിഗത ശാരീരിക സേവനത്തിനവനെ ഞാൻ, വിശേഷ ഗുണഭോക്താവാക്കും.”

“വന്യമൃഗ ഭീഷണി ഉണ്ടെന്നു ആശങ്ക പാഞ്ചാലി അറിയിച്ചിട്ടും നായാട്ടിനു അനുമതി കൊടുക്കാതെ കളിപ്പിക്കുന്നു എന്നാണല്ലോ പാണ്ഡവരുടെ പരാതി?” കൊട്ടാരം ലേഖിക അരമന വാർത്താ സമ്മേളനത്തിൽ ദുര്യോധനനെ ചോദ്യം ചെയ്തു.

“കൊല്ലാം, എന്നാൽ മൃഗജന്മം പരിത്യാഗികളുടെ സാന്നിധ്യത്തിൽ കുഴിച്ചിടണം എന്ന നിബന്ധന കാറ്റിൽ പറത്തിയോ പാണ്ഡവരിലെ നായാട്ടുകാർ? വേട്ടമാംസം വരട്ടിക്കഴിക്കാൻ വേണ്ടി മാത്രം വന്യമൃഗ ഭീഷണി വ്യാജമായി ഉയർത്തുന്നു എന്നാണോ? അതു തുടർന്നാൽ, പാണ്ഡവർ ഇപ്പൊൾ ആശ്രയിക്കുന്ന അക്ഷയപാത്രം ഞങ്ങൾ പിൻവലിക്കും. പിന്നെ മേലനങ്ങി പണിയെടുത്ത് വേണം ധാന്യം വേവിച്ച് വെട്ടി വിഴുങ്ങാൻ.”

◇ 2025/03/09 ◇

“പീഡകകൌരവനെ നിസ്സഹായതയിൽ നോക്കി, നിങ്ങളും വിറച്ചുവിറച്ചു നിന്നു? അഞ്ചു ഭർത്താക്കന്മാരെ വിരൽചലനത്തിലൂടെ ചൊൽപ്പടിയിൽ നിർത്താൻ ആജ്ഞാശക്തിയുള്ള നിങ്ങൾ, ഇന്നലെവരെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, കൈ ഉയർത്തി ചൂതാട്ടസഭയിലെ സ്ത്രീപീഡകനെ ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ എന്ന് ആ രംഗത്തിനു സാക്ഷിയായ ഞാൻ അന്ന് കൊതിച്ചു”, കൊട്ടാരം ലേഖിക, പുതിയ ഹസ്തിനപുരി മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

“സ്ത്രീപീഡകൻ? പീഡിപ്പിച്ചത് കൌരവസഭയിൽ ആയിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൌരവരാജ കുമാരികൾക്ക് ഉടൽ സൌന്ദര്യ പരിപാലനത്തിൽ വ്യക്തിഗത ശിക്ഷണം കൊടുക്കയായിരുന്നു ഞാൻ. പ്രണയത്താൽ പരവശനായ ഒരു കൌരവൻ അന്തഃപുരത്തിൽ ഇടിച്ചുകയറി എന്നെ പുണർന്നു, കോരി പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. വേനൽപുഴുക്കത്തിൽ നനഞ്ഞിരുന്ന എന്റെ മേൽവസ്ത്രങ്ങൾ ഒന്നൊന്നായി അവൻ വേർപെടുത്തിയത് ഓർമ്മിക്കുന്നു. എല്ലാം കണ്ട് മുഖം കരുവാളിച്ച പാണ്ഡവർ പരിഭ്രമിച്ചു പതറുന്നത് ഓർമ്മിക്കുന്നു.” മഹാറാണിയുടെ മിഴികൾ ഓർമക്കൊപ്പം വിദൂരതയിലേക്ക് പാഞ്ഞു.

“ഇന്നത്തെ അഭിമുഖം കഴിഞ്ഞു”, നകുലൻ, ആംഗ്യഭാഷയിൽ സിംഹാസനത്തിനു പിന്നിൽനിന്നും അറിയിച്ചു.

◇ 2025/03/11 ◇

“യുധിഷ്ഠിരനെപോലുള്ളവർ പാഞ്ചാലിയുടെ ബഹുഭർതൃത്വത്തിൽ അംഗമാവുന്നത് അംഗീകരിക്കാൻ വയ്യ എന്ന നിങ്ങളുടെ പ്രസ്താവന പ്രകോപനപരമായി എല്ലാവരും കാണുന്നല്ലോ? എന്തെങ്കിലും പുറത്ത് പറയാവുന്ന കാരണം?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

“ഉടലാനന്ദം അല്ല എന്റെ ദാമ്പത്യലക്ഷ്യം, ആത്മാവിനെ മറന്നുള്ള ആർമാദം അസ്വീകാര്യം എന്ന് ഞങ്ങളെ ഉപദേശിച്ചു കൊണ്ടായിരുന്നല്ലോ, ഞാൻ വിവാഹം കഴിച്ച പെൺകുട്ടിയിൽ മൂപ്പിളമ അവകാശം സ്ഥാപിച്ചു ജ്യേഷ്ഠൻ ആദ്യരാത്രി അവൾക്കൊപ്പം കഴിഞ്ഞത്. എന്തോ വേദനിപ്പിക്കുന്ന നിശാനുഭവം, ‘ധർമ്മപുത്ര’രെ മാറ്റിമറിച്ചു എന്നു വേണം കരുതാൻ. ഞങ്ങൾക്കിടയിൽ ഉള്ള ചാരൻനകുലൻ തന്നെ കണ്ടെത്തട്ടെ കാരണം”, മറ്റൊരു രതിമാർഗം തേടി പടിയിറങ്ങുകയായിരുന്ന പാർത്ഥൻ.

◇ 2025/03/12 ◇

“പാണ്ഡവക്കുട്ടികളെ സ്നേഹവിരുന്നിന് ക്ഷണിക്കുക, വന്നാൽ അഞ്ചുപേരെയും വെവ്വേറെ ഇടങ്ങളിൽ ഇരുത്തുക, അവർക്കിഷ്ടമില്ലാത്ത വിഭവങ്ങൾ അറിഞ്ഞു വിളമ്പുക, അറിയാതെ ഭീമൻ അതു കഴിച്ചുപോയാൽ മറ്റുനാലു പേരെ രഹസ്യമായി അറിയിക്കുക, പറയാൻ അറയ്ക്കുന്ന അരുതായ്മകൾ നിങ്ങൾക്കെതിരെ ഒന്നും രണ്ടുമല്ല!”, കൊട്ടാരം ലേഖിക ദുര്യോധനനെ നേരിട്ടു. കൗരവ പാണ്ഡവരുടെ കൗമാര കാലം.

“വളരുന്ന കാലത്ത് കുട്ടികൾ എന്തെല്ലാം കൗതുകങ്ങൾ ചെയ്യും, വളർന്നു ഞാൻ നാളെ രാജാവായാൽ, പാണ്ഡവർ വിളച്ചിൽ നിർത്തി വാലാട്ടും, പിതൃശൂന്യർ എന്നു അവരെ വിളിക്കുന്നത് ഞാനും നിർത്തും. രുചിപാചകത്തിന്റെ സ്നേഹവിരുന്ന് തുടരും”

◇ 2025/03/15 ◇

“മൂപ്പിളമയിൽ നിങ്ങൾക്ക് ശേഷം രാജാവകാശം കിട്ടേണ്ട കൗരവനല്ലേ!”, ഭ്രഗർഭ അറയിൽ കൊട്ടാരം ലേഖിക ദുര്യോധനനെ കണ്ടെത്തി. വസ്ത്രാക്ഷേപം വിവാദമായതോടെ കൗരവർ ആകപ്പാടെ വിവശരാവുന്ന നേരം.

“ദുശ്ശാസനന് ജാഗ്രതക്കുറവുണ്ടായി.”

“കൗരവ സാനിധ്യമില്ലാത്ത ഈ ഉദ്യാനത്തിലൂടെ ഇങ്ങനെ നടക്കുമ്പോൾ, ആശ്വാസമാണോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പ്രവേശനത്തിനു നിയന്ത്രിത അനുമതിയുള്ള ഔഷധ സസ്യത്തോട്ടത്തിൽ വസന്തകാലം.

“തെറ്റുചെയ്തവളുടെയും, ശരി ചെയ്യാത്തവളുടെയും അശാന്തിയാണിപ്പോൾ മനഃസാക്ഷി നൂറുമേനി കൊയ്യുന്നത്. മുടുകുത്തി കൈമുത്തുന്നതിൽ കവിഞ്ഞൊരു ഹൃദയപാരസ്പര്യത്തിൽ ആരാധനയെ തളക്കാൻ വേണ്ട പ്രണയാവിഷ്കാര കൗശലം കൗരവർക്കുണ്ടായില്ല. പ്രശംസയാൽ പൂമൂടുക, രോഷം തോന്നിയാൽ അരക്കെട്ടിൽ പിടിമുറുക്കുക, രണ്ടു ധ്രുവങ്ങൾക്കിടയിൽ കൗരവകാമന തെന്നിത്തെറിപ്പിച്ചു അടിയറവിനും ബലാത്സംഗത്തിനുമിടയിൽ മനം കുളിർപ്പിക്കുന്ന പ്രണയോത്സവം ഉണ്ടെന്നറിയാനുള്ള പരിഷ്കൃത മനസ്സവർക്കുണ്ടായിരുന്നില്ല എന്നതാണ് പ്രകൃതിയോടെന്റെ പരിഭവം. ഹൃദ്യമായി മുഖത്തു നോക്കി സല്ലപിക്കാനും, പെണ്ണടലിൽ കൈവിരൽ പര്യവേഷണം ചെയ്യാനും അവർക്കായില്ലെന്നതാണെന്റെ ദൗർഭാഗ്യം. ഒരിക്കലെങ്കിലും അവർക്കായിരുന്നെങ്കിൽ, വാക്കിലും നോക്കിലും തുളുമ്പുന്ന പ്രണയവിനിമയങ്ങളാൽ കൗരവർ ഓരോരുത്തരെയും പുത്തൻ പാഞ്ചാലീസ്വയംവരത്തിൽ ‘വിജയി’യെന്ന ഞാൻ ആഘോഷിക്കുമായിരുന്നു!”

“വിദ്യാർത്ഥികർണൻ നിങ്ങൾക്ക് എങ്ങനെ പെട്ടെന്ന് അസ്വീകാര്യൻ ആയി? അർജ്ജുനനെ വെല്ലുന്ന പ്രിയശിഷ്യൻ ആവേണ്ടതല്ലേ?”, കൊട്ടാരം ലേഖിക ദ്രോണരോട് ചോദിച്ചു. ഗുരുകുലത്തിൽ കൗരവ പാണ്ഡവ ബാലന്മാർ ഗുരുവന്ദനം ചെയ്യുന്ന പരിപാവന ദിനം.

“ആദ്യ ദിനം അവനു അവസരം ഞാൻ കൊടുത്തു. നേരത്തെ അറിയാം, സൂതന്റെ ജനിതകവും ജാതകവും. അർജ്ജുനൻ എന്നെ വന്ദിച്ചു മാത്രം സംസാരിക്കുമ്പോൾ, കർണ്ണൻ എന്നെ നിന്ദയോടെ നോക്കും. സഹിക്കാൻ ആവുന്നതിലും അധികം ഗുരുനിന്ദ പകൽ മുഴുവൻ കണ്ടപ്പോൾ, പിന്നെ വൈകിയില്ല, ഗുരുകുല നിബന്ധന ചൂണ്ടിക്കാട്ടി അന്നുതന്നെ പറഞ്ഞുവിട്ടു.”

“വനനശീകരണത്തിനായി ഖാണ്ഡവ പ്രസ്ഥം ചുറ്റി വളഞ്ഞു തീയിടാൻ ദുരുദ്ദേശ്യമുള്ള പാണ്ഡവരുടെ നല്ലനടപ്പിന് കൗശലപൂർവ്വം നിങ്ങളെ ജാമ്യ തടവുകാരിയാക്കി, ദുര്യോധനൻ ഗാന്ധാരിയുടെ തോഴിയായി പാർപ്പിച്ചു എന്നാണ അരമന രഹസ്യം. ഒരിക്കൽ ഹസ്തിന പുരിയുടെ രാജാവായിരുന്ന പാണ്ഡുവിന്റെ രാജവധുവെന്ന നിലയിൽ, നിങ്ങൾക്ക്, മാറിയ കാലത്തെ കരുതൽതടങ്കൽ വ്യവസ്ഥയിൽ, എന്തായിരുന്നു അന്തഃപുരത്തിൽ ജോലി?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“ഞാൻ വേണമായിരുന്നു തീൻശാലയിൽ ഓരോ വിഭവവും പാചക സവിശേഷത മന്ത്രിച്ചു ധൃതരാഷ്ട്രരുടെ വായിലിട്ടു കൊടുക്കാൻ. കുസൃതിയോടെ എന്റെ വിരൽ കടിക്കും അല്ലെങ്കിൽ കടിക്കും, എന്നിട്ടു പുഞ്ചിരിക്കും. തൊട്ടപ്പുറത്തു ഗാന്ധാരിയുടെ മുഖത്തേക്കൊന്നു ഞാൻ പരിഭ്രമത്തിൽ നോക്കുമ്പോൾ, തട്ടിക്കുട്ട് കൺകെട്ടുണ്ടെങ്കിലും, കാണേണ്ടതൊക്കെ സൂക്ഷ്മപ്രകൃതി കാണിച്ചു കൊടുക്കുന്നതിൽ കൃതാർത്ഥത തോന്നും. പരിമിതമായ എന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ളിൽ പുറത്തുപറയാവുന്നതു ഇത്രമാത്രം, എന്നാൽ കഴിഞ്ഞ ദശാബ്ദങ്ങൾക്കുള്ളിൽ ഹസ്തിനപുരി കൊട്ടാരത്തിലെ അന്തഃപുരത്തിൽ, സംഭവിച്ചതൊക്കെ പുറത്തു പറയാനുള്ളതല്ല. ഞങ്ങൾ മൂന്നു നാലു വയോജനങ്ങൾ നാളെ വനവാസത്തിന് പോവുകയാണ്. കാട്ടുതീയോ കുറുനരിയോ ഞങ്ങളെ കീഴ്പ്പെടുത്തുമ്പോൾ, ആ വൃത്തികെട്ട അരമന കഥകളും ചാമ്പലാവട്ടെ: എന്നോടൊപ്പം!”

“പാണ്ഡവരുടെ വിശ്വസ്തഭാര്യ പാഞ്ചാലിയിൽ സദാചാര വിരുദ്ധമായ അനുരാഗമുള്ള നിങ്ങൾ, പക്ഷേ, മറ്റു തൊണ്ണൂറ്റി ഒമ്പതോളം കൗരവഭാര്യമാരെ അമ്മ എന്നമാത്രം ഭവ്യതയോടെ വിളിക്കുന്നു. എന്താണ് ഇങ്ങനെ ഒരു വിചിത്രവിവേചനം?”, വസ്ത്രാക്ഷേപ വിവാദത്തിൽ, ദാമ്പത്യ വിശ്വാസ്യത സംശയത്തിൽ ആയ ദുര്യോധനനെ, നേരിൽ കണ്ടപ്പോൾ കൊട്ടാരം ലേഖിക മുട്ടു കുത്തി കൈമുത്തി ഉപചാരപൂർവ്വം ചോദിച്ചു.

“അന്തഃപുരത്തിൽ അനാശാസ്യം എന്ന ലേഖനപരമ്പര തുടങ്ങാനായി തിണ്ണനിരങ്ങുന്ന നിങ്ങൾ നന്നേ വിയർക്കും!”

“നേരം വെളുത്തപ്പോഴേക്കും, വരിനിന്ന് ഉണ്ണാനിറങ്ങിയോരണ്ട മുൻമഹാറാണിമാരും? അന്തഃപുരത്തിൽ നേരിട്ടെത്തിച്ചു തന്നിരുന്നില്ലേ രുചിവിഭവങ്ങൾ?”, കൊട്ടാരം ലേഖിക ചോദിച്ചു. അരമന ഊട്ടുപുരയിൽ, ഒരു മൂലയിലൊതുങ്ങി ഗാന്ധാരിയും കുന്തിയും.

“കുറച്ചു ദിവസമൊക്കെ ഭക്ഷണം അവർ ഞങ്ങൾക്ക് കരുതിവച്ചിരുന്നു, പിന്നെ കേട്ടു, നേരത്തേ വരാത്തവർക്ക് ഭക്ഷണവിതരണം മുടങ്ങിയാൽ പാചകക്കാരെ പഴിപറഞ്ഞിട്ട് കാര്യമില്ല. താക്കീതുപോലെ തോന്നി. നേരം പുലർന്നാൽ വിശപ്പ് മാടി വിളിക്കുകയാണ്, ഉച്ചയാവുമ്പോഴേക്കും ഊട്ടുപുരയിലേക്കു ഞങ്ങൾ സ്വയം ഉന്തിത്തള്ളുകയാണ്. വയോജനങ്ങളായിരിക്കാം, പക്ഷേ, വിശപ്പിന്റെ വിളി—അതൊരു വാവിട്ട നിലവിളി തന്നെയല്ലേ.”

◇ 2025/03/16 ◇

“നീരാടി, സൂര്യനെ നമിച്ചു ദുര്യോധന വസതിയിലേക്കു വരുന്ന നിങ്ങളെ പാണ്ഡവ മാതാവ് വഴിതടഞ്ഞു ചോദ്യം ചെയ്യുന്നതു കണ്ടല്ലോ. എന്താ കാര്യം?”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“പെറ്റതള്ളയാരെന്ന കുന്തിയുടെ വാഗ്ധോരണി! എന്നെ ‘പിടികൂടി’ യിരുന്നത്, പ്രസവിച്ച അമ്മയാരെന്നല്ല, ബീജദാതാവ് ആരെന്നറിയാനുള്ള ത്വര. വിവാഹപൂർവ്വ ജീവിതം അപരിചിതനുമായി പരീക്ഷണാടിസ്ഥാന ലൈംഗികബന്ധം സമ്മാനിച്ച അസ്വീകാര്യസന്തതിയെ കുന്തി എന്തുചെയ്യ എന്നല്ല എനിക്കറിയേണ്ടത്. അഭിമാനിക്കാൻ പറ്റിയ പ്രസിദ്ധപോരാളിയാണോ ബീജദാതാവ് എന്നായിരുന്നു. സത്യ പ്രതികരണം ചെയ്യാൻ വേണ്ട സരളതയെക്കാൾ അവളിൽ കണ്ടത്, പോരാളി കർണ്ണന്റെ മാതൃത്വം അവകാശ ബോധത്തോടെ ഏറ്റെടുക്കാനുള്ള പാഴ്ശ്രമം! മുഷിഞ്ഞ ഉടലും തുണിക്കെട്ടുമായി അവൾ സ്നാനഘട്ടത്തിലേക്കു പോവുകയായിരുന്നു. ഞാൻ കളിച്ചുവരികയും. മാനസികവ്യത്യാസമുണ്ടാകും ഞങ്ങൾക്കപ്പോൾ വീക്ഷണത്തിൽ. അതൊന്നും അറിഞ്ഞമട്ടില്ല കുന്തിക്ക്. പനയോലക്കൊട്ടയിലൊരു പഴം തുണി വിരിച്ചു ഞാൻ സുരക്ഷിതമായി നവജാതശിശുവിനെ നീരൊഴുക്കിൽ വിടുമ്പോൾ പ്രകൃതി നിന്നെ തുണക്കട്ടെ എന്നവൾ ഇടനെഞ്ചിൽ കൈപ്പത്തിയമർത്തി പറഞ്ഞതോടെ ഞാനവളുടെ വൈകാരിക സ്വാധീന വലയത്തിൽ നിന്നും പുറത്തുചാടി. അതൊരു വല്ലാത്ത പലായനമായി. പുഴവെള്ളത്തിലവൾ ഒരുപാട് അഴുക്കു ഒലുമ്പി, കളയുന്നുണ്ടാവും, നീരൊഴുക്കിൽ പോവാത്ത ഓർമ്മമാലിന്യങ്ങൾ. പെറുക്കാൻ നീയും പോവുന്നോ?”

◇ 2025/03/17 ◇

“പതിനെട്ടുനാൾ പോരാട്ടത്തിനു ശേഷം ഉടലോടെ രക്ഷപ്പെട്ടു ഹസ്തിനപുരിയിലേക്ക് പദയാത്ര ചെയ്യുമ്പോൾ, എന്തുതോന്നുന്നു?” കൊട്ടാരം ലേഖിക യുധിഷ്ഠിരനെ നേരിട്ടു.

“മനഃശാസ്ത്രപരമായ ഉൾക്കാഴ്ച കിട്ടി, മനുഷ്യ മനസ്സിന്റെ ആഴവും ആധിയും അറിഞ്ഞു, സത്യം പോലെ ഒരു സംഗതിയാണ് അർദ്ധസത്യവും എന്ന തിരിച്ചറിവും കുരുക്ഷേത്ര തന്നു. ചതിയിൽ കൊല്ലപ്പെടാൻ, അഭിമന്യു, മുതൽ പാഞ്ചാലിയുടെ അഞ്ചു മക്കൾ വരെ വിധാതാവിനാൽ വിധിക്കപ്പെട്ടു. ഞങ്ങൾ അഞ്ചു പാണ്ഡവർ ദേവസന്തതികൾ എന്ന കുന്തിവചനം കൃത്യം, എന്ന് ഓരോ ദിവസവും അനുഭവങ്ങൾ അടയാളപ്പെടുത്തി. ഇത് വെറുമൊരു സ്വത്തുതർക്കം എന്ന ഹസ്തിനപുരി പത്രികയുടെ നിസ്സാരവൽക്കരണം അശേഷം വിലപ്പോവില്ല എന്നും ഉറപ്പായി. ധൃതിയുണ്ട് യുദ്ധക്കെടുതിയിൽ വലയുന്ന അരമനവാസികൾക്ക് അരവയർ അത്താഴം എങ്കിലും ഞങ്ങൾ കണ്ടെത്തണം. സഹകരിക്കുമല്ലോ.”

◇ 2025/03/18 ◇

“രാജാ യുധിഷ്ഠിരന്റെ ഹൃദയകാപട്യം സൂചിപ്പിക്കുന്ന വാക്കോ പദപ്രയോഗമോ, പെട്ടെന്ന ഓർത്തെടുക്കാമോ?”, കൊട്ടാരം ലേഖിക പഞ്ചാലിയോട് ചോദിച്ചു. ഹസ്തിന പുരിയിൽ പാണ്ഡവ സഹോദരന്മാർ ദശാബ്ദങ്ങളായി അധികാരപദവി വഹിക്കുന്ന കാലം.

“അരമനജീവിതത്തിന്റെ ആഡംബരങ്ങൾ ആസ്വദിക്കുന്ന നേരത്തും, ഇടക്കയാൾ ഒന്ന മുഖം ചുളിക്കും, നോട്ടം തെറ്റും ചുണ്ട് പിളരും സ്വരം പതറും, എന്നിട്ടവൻ പരിത്യാഗിയുടെ ഭാവത്തിൽ എന്നെ നോക്കി നെടുവീർപ്പിട്ട പറയും, “കാട് വിളിക്കുന്ന”!”

“ധർമ്മപുത്രർ ഇന്നും അതൃപ്തി പ്രകടിപ്പിച്ചാണല്ലോ ഉന്നതാധികാര സമിതിയോഗത്തിൽ നിന്നും ഇറങ്ങിപ്പോയത്?” കൊട്ടാരം ലേഖിക അരമന വക്താവിനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനാപുരി.

“യോഗത്തിൽ ധാർമ്മികരോഷത്തോടെ പരാതി പലപ്പോഴും പറയും, നിങ്ങളുടെ ഭൗതിക ഒക്കെ സാന്നിധ്യം യോഗത്തിൽ ഉണ്ട് എന്നാൽ ഹൃദയം എവിടെ? ഒളിച്ചോടിയോ? രാജതീരുമാനങ്ങൾ ഒന്നും നിങ്ങൾ നടപ്പാക്കുന്നില്ലല്ലോ. കുരുക്ഷേത്രവിജയത്തിന്റെ വരാനിരിക്കുന്ന ആദ്യ വാർഷികത്തിൽ, ബലിദാനി ദുര്യോധനന്റെ മുഴുനീള പഞ്ചലോഹപ്രതിമ അനാച്ഛാദനം ചെയ്യണം എന്ന സമിതി പ്രതിജ്ഞ എടുത്തിരുന്ന എന്നോർക്ക. പ്രിയതമയുടെ മുടി മിനുക്കാൻ കൗരവ സഹോദരന്റെ ഇടനെഞ്ചു തുരന്ന ചുടുചോര കോരിയ സമീപകാല ചരിത്രം ഓർമ്മിക്കുന്ന കൗരവ മുൻ രാജകുമാരികൾ എന്നെ വന്ന കണ്ട ചോദിക്കുന്നു, എന്താണ് പ്രതിമ പണിയാൻ മാത്രം പാണ്ഡവരുടെ കൈവിരലുകൾ നിവരാത്തത്!”

“കൗരവരാജ സ്ത്രീകൾക്ക് സൌന്ദര്യ പരിപാലനത്തിൽ പാഠം ചൊല്ലിക്കൊടുക്കുന്ന പാഞ്ചാലി എന്താ നിങ്ങൾ അഞ്ചു പേർക്കും ആ സ്നേഹപരിപാലനം അനുവദിക്കാത്തത്. പാണ്ഡവരുടെ സ്വകാര്യശ്രുചിത്വം പാഞ്ചാലിക്ക് മുൻഗണനാവിഷയമല്ലേ?”, അഞ്ചു പേരെയും ഒരുമിച്ചു കണ്ടപ്പോൾ കൊട്ടാരം ലേഖിക ചോദിച്ചു. “ആകാശചാരികളുടെ മക്കൾ ഒക്കെ ആയിരിക്കാം, പക്ഷേ, നിങ്ങൾ വനജീവിതത്തിൽ ആകർഷകരൂപികൾ അല്ലാതായി. നരച്ചു തുടങ്ങിയ താടിയും കറ വീണ പല്ലും ചുണങ്ങു വ്യാപിച്ച തൊലിയും താരൻ പൊഴിയുന്ന മുടിയും അടുത്ത് വരുമ്പോൾ മുഖത്തടിക്കുന്ന മണവും മുഷിഞ്ഞ വസ്ത്രങ്ങളും”, അവൾ ഞെട്ടലോടെ അവരെ നോക്കി.

“ശരീരശ്രുചിത്വത്തിൽ അശ്രദ്ധ ഇനിയും തുടർന്ന്, കൂടെ കിടത്താൻ സമ്മതിക്കാതെ എന്നെന്നേക്കുമായി ഞങ്ങളെ അകറ്റാനാണവൾ ശ്രമിക്കുന്നത്”, ഭീമൻ വിങ്ങി. മറ്റു നാലുപേർ പാഞ്ചാലിയുടെ നീതിരാഹിത്യത്തിൽ അമർഷത്തോടെ കൈകൾ ഞെരിച്ചു.

“കുരുക്ഷേത്രയിൽ എന്തായിരുന്ന നിങ്ങളുടെ യുദ്ധസ്വപനം?”, കൊട്ടാരം ലേഖിക ദുര്യോധനനോട് കാരുണ്യത്തോടെ ചോദിച്ചു. ഭീമഗദയുടെ വന്യ പ്രഹരത്തിൽ അരക്കെട്ട് തകർന്ന ചതുപ്പിൽ വീണ അവശനായിരുന്ന കുടില കൗരവൻ അവൾ ചുണ്ടിൽ ഇറ്റിറ്റു വീഴ്ത്തിയ ശ്രുദ്ധജലം ആർത്തിയോടെ കുടിച്ചു. കൊലയാളി പാണ്ഡവ സംഘം നേരത്തെ സ്ഥലം വിട്ട സന്ധ്യ.

“പാണ്ഡവർ അഞ്ചു പേരെയും തല മൊട്ടയടിച്ചു അർദ്ധനഗ്നരാക്കി കൈ പരസ്പരം കെട്ടി ആട്ടി തെളിയിച്ചു ഹസ്തിനപുരിയിലേക്ക് ഞാൻ തന്നെ കൊണ്ട പോകണം എന്നായിരുന്ന മോഹം. എന്തോ, ഗാന്ധാരിയുടെ അനുഗ്രഹം എനിക്ക് വേണ്ട വിധം ഉണ്ടാവാതിരിക്കാൻ അതീതശക്തികൾ അതിരുവിട്ട് എന്റെ യുദ്ധ മോഹങ്ങളെ അതിക്രമിച്ചുവോ!”

◇ 2025/03/19 ◇

“ചതിയിൽ കൊല്ലപ്പെട്ട അഭിമന്യുവിന്റെ, വെട്ടും കുത്തും ഏറ്റ ജഡവും ഏറ്റി, പെറ്റതള്ള സുഭദ്ര രാത്രി വിലാപയാത്ര ചെയ്തപ്പോൾ എന്തായിരുന്നു കൗരവരുടെ “ഇറച്ചിവെട്ടുകാരൻ” കർണ്ണന്റെ പ്രതികരണം?”, കൊട്ടാരം ലേഖിക പാണ്ഡവ സൈനിക മേധാവിയോടു ചോദിച്ചു.

“ഇതൊരു തുടക്കം മാത്രം”.

“രണ്ടുദിവസമായി ഇവിടെ നിങ്ങൾ ചുറ്റിനടന്നു ഇങ്ങനെ കറങ്ങുന്നത് കാണുന്നല്ലോ, എവിടെയുള്ള ഏതു ചുവരെഴുത്ത് പതിപ്പാണ് നിങ്ങളെ പ്രതിനിധിയായി അയച്ചത്?” കൊട്ടാരം ലേഖിക കരിമ്പിൻനീർ കുടിക്കുമ്പോൾ കണ്ട വിദേശിയോട് ചോദിച്ചു, ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരെ കണ്ട് മൂകശബ്ദത്തിൽ സംസാരിക്കുകയായിരുന്ന അപരിചിതൻ.

“ഞാൻ നിങ്ങളെപ്പോലെ തിണ്ണനിരങ്ങുന്ന മാപ്രയല്ല സുഹൃത്തേ, ഞാൻ അങ്ങു കിഴക്ക് നളന്ദ സർവ്വകലാശാലയിൽ ദുരന്ത വിശകലനവിദഗ്ദൻ. കുരുക്ഷേത്രയുദ്ധം അവസാനിക്കും വരെ എനിക്കിവിടെ ഒരുപാട് ജോലിയുണ്ട്, മടങ്ങിച്ചെന്നാൽ ആഗോള വിദ്യാർത്ഥിസമൂഹം എന്റെ പ്രഭാഷണത്തിന് നിത്യവും ചെവിയോർക്കും, അവർക്കറിയണം എന്റെ വിശകലനം, അതായിരിക്കും, മനുഷ്യ വംശം ഇനിയുള്ള കാലം ചെവിയോർക്കുന്ന ധീരവചനം എന്നറിഞ്ഞാൽ പിന്നെ നിങ്ങൾ എന്നെ കണ്ടാൽ വഴിമാറി വേണം നടക്കാൻ.”

◇ 2025/03/20 ◇

“യുദ്ധവിരാമമായോ? അതോ, ആദ്യദിനം പോലെ അർജ്ജുനൻ വിഷാദരോഗിയായോ?”, കുരുക്ഷേത്ര യുദ്ധനിർവ്വഹണ സമിതി അധ്യക്ഷനെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

“ആരാണ്ട് വിഷാദരോഗി അർജ്ജുനൻ, എന്താണ്ട് വിഷാദം എന്നതൊന്നും പരിഗണനാ വിഷയമല്ല. ഇരുകൂട്ടരും കുന്തം ഉയർത്തുമ്പോഴാണ്, അവർക്കിടയിൽ അതാ വെള്ളപ്രാവു ചിറകടിക്കുന്നു. പേടിപ്പിക്കാൻ ഞങ്ങൾ ശംഖനാദം മുഴക്കി, പ്രാവു പോർക്കളം വിട്ടു പോയില്ല. അപ്പോഴാണ് ഊട്ടുപുരയിൽ നിന്ന് പാചകസംഘത്തിന്റെ അറിയിപ്പ്. മൃഗമാംസക്ഷാമം പരിഹരിക്കാൻ, പ്രാവുകളെ പിടികൂടാൻ നിർദേശം. ചാരിതാർഥ്യത്തോടെ പറയട്ടെ, ഇരുകൂട്ടരും ഉടൻ എറിഞ്ഞ കുന്തങ്ങൾ അപ്പോൾ ലക്ഷ്യവേധിയായി! പ്രാവിന്റെ ചൂടാറാത്ത ഉടൽ, ഊട്ടുപുരയിലേക്കയച്ചു. പോരാട്ടവും ആരംഭിച്ചു. ചാർവാകനാണ് വെള്ളരിപ്രാവിനെ പോർക്കളത്തിലേക്കു വിട്ടതെന്ന പരാതി യുദ്ധനിർവ്വഹണസമിതി അന്വേഷിക്കും. ഔദ്യോഗിക കൃത്യ നിർവഹണത്തിൽ ദുഷ്ട ലാക്കോടെ ഇടപെടൽ ഉണ്ടെന്നു അന്വേഷണത്തിൽ കണ്ടാൽ, മാതൃകാപരമായി തല മുണ്ഡനം ചെയ്തു ശിക്ഷിക്കും. കുരുക്ഷേത്ര യുദ്ധമല്ല, കാലാതിവർത്തിയായ ഇതിഹാസത്തിന്റെ നിർണ്ണായക ഘട്ടമാണ് എന്ന നിങ്ങളുടെ നിരീക്ഷണം ഞങ്ങളുടെ പ്രതികരണം അർഹിക്കുന്നില്ല.”

“ഭാര്യയെ പണയം വെക്കുമ്പോൾ യുധിഷ്ഠിരൻ സ്വയം നിസ്വനും കൗരവഅടിമയുമായിരുന്ന സ്ഥിതിക്ക്, പൗരാവകാശ യോഗ്യത ഇല്ലെന്നാണല്ലോ കേൾക്കുന്നത്. വനവാസത്തിൽ പാണ്ഡവരെ അയച്ച നിയമ വിരുദ്ധ നടപടിക്കെതിരെ, പാഞ്ചാലിയുടെ സഹോദരൻ ധൃഷ്ടദ്യുമ്നൻ, നീതിപീഠത്തെ സമീപിച്ചാൽ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“കൗരവ അടിമ, വസ്ത്രാക്ഷേപം ഇതെല്ലാം അസംബന്ധ പാണ്ഡവആഖ്യാനമല്ലേ? ആണുങ്ങൾ ചൂതാടുമ്പോൾ, പാഞ്ചാലി കൗരവരാജ വധുക്കളുമായി പരിചയം പുതുക്കുന്നു. കുഴപ്പമില്ല. എന്നാൽ പിന്നീടവൾ സമർത്ഥമായ കുരുട്ട് ചോദ്യങ്ങളോടെ പാവം കൗരവവധുക്കളുടെ ഉള്ളം തുറപ്പിക്കുന്നു. “ഭർത്താക്കന്മാരല്ലാത്ത കൗരവരാൽ ഇണചെയ്യാൻ ഞങ്ങൾ നിർബന്ധിതർ” എന്ന ആഖ്യാനനിർമ്മിതി! അന്തഃപുര തോഴികൾ വഴി വിവരമറിഞ്ഞ ദുശ്ശാസനൻ, പാഞ്ചാലിയോട് ഉടൻ വിശദീകരണം ചോദിച്ചു. ആഖ്യാനനിർമ്മിതി അവൾ ആവർത്തിച്ചു. ബലാൽക്കാരവിവരം ഗാന്ധാരിയെ അറിയിക്കട്ടെ എന്ന് പാഞ്ചാലി കൗരവവധുക്കളോട് ചോദിച്ചപ്പോൾ, “അരുതേ! ദുര്യോധനൻ ഞങ്ങളെ വിവസ്ത്രയാക്കി തെരുവിലിറക്കു”മെന്ന മറുപടിയാണ് കൗരവ വധുക്കളിൽ നിന്നും കിട്ടിയതെന്നവൾ കൃത്രിമമായി ഉണ്ടാക്കി പറയുന്നു, അതും ചൂതാട്ട സഭാതലത്തിൽ എല്ലാവരും കേൾക്കെ! അപകീർത്തികരമായ ഈ അസത്യ പ്രചാരണത്തിനു ശേഷമായിരുന്നു, പിന്നെ സംഭവിച്ച ഉന്തും തള്ളും, അല്പവസ്ത്ര പാഞ്ചാലി വിവസ്ത്ര ആവുന്നതും. കിരീടാവകാശിയുടെ വിവേചനാധികാരം ഉപയോഗിച്ച പാഞ്ചാലിയുടെ പൗരാവകാശം ഞാൻ ധീരമായി പിൻവലിച്ചു, അവളുടെ ആഖ്യാനത്തിനു നീതിപീഠത്തിൽ അവതരണാനുമതി നിഷേധിച്ചു. യഥാർത്ഥത്തിൽ സംഗതി ഇതായിരിക്കെ, പാണ്ഡവർ മെനഞ്ഞെടുത്ത മറ്റൊരു കഥയായിരുന്ന ഏതോ ഒരു ‘അജ്ഞാതൻ’ അവൾക്കു അപ്പപ്പോൾ ഉടുതുണി മുകളിൽ നിന്നും എറിഞ്ഞു കൊടുത്തതങ്ങനെ വിശ്വാസമായി. തിരക്കുണ്ട് ഇന്ദ്രപ്രസ്ഥത്തിലെ പാണ്ഡവനിധി രഹസ്യ അറയിൽനിന്നും വീണ്ടെടുത്ത് വേണം, ഹസ്തിനപുരിയിൽ ഞങ്ങൾ ഹരിതവനം നിർമ്മിക്കുവാൻ. ഖാണ്ഡവവനം പാണ്ഡവർ കത്തിച്ചതിനു കൗരവർ ചെയ്യുന്ന പാപപരിഹാരം!”

“വിരാടരാജകുമാരി ഉത്തരയും, സുഭദ്രയുടെ മകൻ അഭിമന്യുവും വിവാഹിതരാവുന്ന ദിവസം, ദുശ്ശാസനൻ കൗരവ അതിഥി സംഘത്തിൽ ഉണ്ടായിരുന്നല്ലോ. എന്തെങ്കിലും മിണ്ടിപ്പറഞ്ഞുവോ? ദുഃഖനായികയും പ്രതിയും!”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“പഴയ പരിചയക്കാർ ഒരു മംഗല ദിനത്തിൽ കണ്ടതല്ലേ? ആലിംഗനം ചെയ്ത സ്നേഹാഭിവാദ്യങ്ങൾ കൈമാറി. അതോ അപ്പോൾ തന്നെ ശത്രുവിനെ കീഴ്പ്പെടുത്തി ചോര കോരി അവൾ മുടി മിനുക്കണോ?”

“ദ്രൗപദിയെ കൗരവർ വഴിവിട്ട് എങ്ങനെ എക്കാലവും അവമതിച്ച എന്നാണ്, പാണ്ഡവ സൈന്യാധിപനായി ചുമതലയേറ്റ നിങ്ങൾ വിലയിരുത്തുന്നത്?”, കൊട്ടാരം ലേഖിക പാഞ്ചാലകിരീടാവകാശി കൂടിയായ ധൃഷ്ടദ്യുമ്നനോട് ചോദിച്ചു.

“ആയിരമായിരം ധീരവനിതകൾ അവരുടെ ഭർത്താക്കന്മാർക്ക് വിജയാശംസനേർന്ന പോർക്കളത്തിലേക്കവരെ യാത്ര പറഞ്ഞിട്ടുണ്ടെങ്കിലും കഴിഞ്ഞ പതിമൂന്നവർഷങ്ങളായി കുഞ്ഞുങ്ങളെയും, പോറ്റി വളർത്തിയ മാതാപിതാക്കളെയും, കൂടപ്പിറപ്പുകളെയും കാണാനാവാതെ കാട്ടിൽ ദുരിതജീവിതം നയിച്ച എന്റെ സഹോദരിയുടെ ജീവിതം സഹനത്തിന്റെ പരമോന്നത മാതൃകയായി വരും കാലങ്ങളിൽ ഓർക്കപ്പെടട്ടെ. പാഞ്ചാലിയെ കുരുവംശത്തിന്റെ സാംസ്കാരിക സ്വത്ത എന്നനിലയിൽ കാത്തു സൂക്ഷിക്കാനുള്ള വംശീയ കർത്തവ്യം, അധികാരപദവി വഹിച്ച കൗരവർ കാറ്റിൽ പറത്തി എന്നതാണ് ദുര്യോധനനോട് എനിക്കുള്ള പരിഭവം. എന്നാൽ അതിന്റെപേരിൽ ഞാനവന്റെ തല വെട്ടാനൊന്നും നാളെ തുടങ്ങുന്ന യുദ്ധത്തിൽ ഉദ്ദേശിക്കുന്നില്ല കാരണം, പതിമൂന്നുവർഷത്തെ പ്രവാസജീവിതത്തിൽ കഴിച്ചു മൂടപ്പെട്ട സംസ്കാരങ്ങളുടെ പുനഃസ്ഥാപനത്തിനുവേണ്ടി പാണ്ഡവർ ആളെക്കൂട്ടി ചെയ്യുന്ന ദൃശ്യശ്രാവ്യ പ്രദർശനനഗരിയൊന്നുമല്ല കുരുക്ഷേത്രം, ആറംഗ പാണ്ഡവകുടുംബത്തിന് അന്തിയുറങ്ങാനുള്ള ഭൂമിക്കു വേണ്ടി ജീവന്മരണപോരാട്ടം എന്ന പരിമിത ലക്ഷ്യമേ അതിനുള്ളൂ.”

◇ 2025/03/21 ◇

“ഇന്ദ്രപ്രസ്ഥം എന്ന മയൻനിർമ്മിത മോഹനമന്ദിരങ്ങൾ എന്തു ചെയ്യാനാണ് ഭാവം? അതിഥികളെ അങ്കലാപ്പിലാക്കുന്ന വഴുക്കുസഭാതലങ്ങൾ ആഗോള വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കുമോ? അതോ, അവമതി ആവർത്തിക്കാതിരിക്കാൻ, അടച്ചിടുമോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. പാണ്ഡവർ വനവാസത്തിനു പദയാത്ര തുടങ്ങിയ നേരം.

“ഞങ്ങളൊരു പരിഷ്കൃത സമൂഹമായിപ്പോയില്ലേ, ഹരിതചട്ടം പാലിക്കേണ്ടേ കരുവംശം! പരിസ്ഥിതി ലോലപ്രദേശമാണ് ഖാണ്ഡവപ്രസ്ഥമെന്നു ‘അന്ധ’ പിതാവിനറിയില്ലല്ലോ. കിടപ്പാടം പണിയാൻ ഇടം യാചിച്ച യുധിഷ്ഠിരന്, ഒരു ദുർബല മുഹൂർത്തത്തിൽ വനമേഖലപ്രവിശ്യയായ ഖാണ്ഡവപ്രസ്ഥം ഇഷ്ടദാനം ചെയ്യുമ്പോൾ, ഞാൻ സ്ഥലത്തില്ല. എല്ലാത്തരം സസ്യങ്ങളും വന്യജീവികളും സമരസപ്പെട്ട അപൂർവ്വ ആവാസവ്യവസ്ഥ, കണ്ണിൽ ചോരയില്ലാത്ത പഞ്ച പാണ്ഡവർ കത്തിച്ചൊടുക്കി. ആ കൊടുംപാപം ചുമന്നയിടത്തല്ലേ വാസ്തുശിൽപ്പി മയനെക്കൊണ്ടവർ നഗരം നിർമ്മിച്ച്, രാജസൂയമെന്ന പേരിൽ വ്യാജയാഗം ചെയ്ത, ഞങ്ങളടക്കം ഗംഗാ സമതലത്തിലെ നാടുവാഴികളെ ചതിയിൽ സാമന്തന്മാരാക്കി, രത്നശേഖരങ്ങൾ ഓരോ ആണ്ടുപിറപ്പിലും കപ്പമായി അവർക്ക് കൊടുക്കാൻ വിധിയുണ്ടായത്. അന്നതൊക്കെ നെടുവീർപ്പോടെ പുത്രതലമുറ രാജകുമാരന്മാർ അംഗീകരിക്കേണ്ടി വന്നെങ്കിലും, ഉള്ളിലൊരു നെരിപ്പോടുയരുന്നത് അവരറിഞ്ഞില്ല. ചൂതാടാൻ ഓടിവന്ന പാണ്ഡവർ അതാ, ഉടുത്ത തുണിക്കു മറുതുണിയില്ലാതെ, കാട്ടിലേക്കു. പതിമൂന്നു വർഷം കഴിഞ്ഞവർ മടങ്ങിവന്നാൽ? എല്ലാം മുൻകൂട്ടിക്കണ്ട് ഉടൻ ഞങ്ങൾ യാത്രതിരിക്കട്ടെ ഇന്ദ്രപ്രസ്ഥത്തിലേക്കു!—പാണ്ഡവർ ഒളിപ്പിച്ചുവച്ച നിധി കണ്ടെടുത്തു വേണം, അഭിശപ്തനഗരിയെ വന്യപ്രകൃതിക്കു തിരിച്ചു കൈമാറാൻ! വരും യുഗത്തിൽ ലോകവനദിനം ഒരു ആചാരമായി ആഘോഷിക്കപ്പെടട്ടെ.”

“ദാമ്പത്യവിശ്വസ്തത വിട്ടു കൊണ്ടൊരു പരപുരുഷ സൗഹൃദം എനിക്കുണ്ടാവില്ല എന്ന ദൃഢപ്രതിജ്ഞ നിങ്ങൾ ആദ്യകാലത്തു ചെയ്യാത്തതിൽ പാണ്ഡവരിലെ മുതിർന്ന മൂന്നു കൗന്തേയ അംഗങ്ങളും അക്കാലത്തു അസംതൃപ്തി പ്രകടിപ്പിച്ചിരുന്നല്ലോ. വഴിവിട്ട പരപുരുഷബന്ധങ്ങളിൽ നിന്നൊഴിഞ്ഞു മാറിയാൽ മാത്രം പോരാ, ഇച്ഛാശക്തിയോടെ, പുനഃസമാഗമങ്ങളിൽ നിന്നും പിന്മാറണമെന്ന ഉദ്ബോധനവും നിങ്ങൾ പിൽക്കാലത്തു ചെവികൊണ്ടില്ല എന്നതാണവരുടെ പരിദേവനം. ജീവിത സായംസന്ധ്യയിൽ, എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ‘മഹാറാണി’ പാഞ്ചാലിയോട് ചോദിച്ചു. അർജ്ജുനന്റെ പരോക്ഷ സഹായത്തിൽ, കിരീടാവകാശിയും അഭിമന്യുവിന്റെ മകനുമായ പരീക്ഷിത്തു അരമന അട്ടിമറിയിലൂടെ ചെങ്കോൽ തട്ടിയെടുത്ത സംഘർഷദിനങ്ങൾ. മഹാപ്രസ്ഥാനം സജീവ പരിഗണന ആയ കാലം.

“തരം കിട്ടിയാൽ പാഞ്ചാലിയോട് തുടങ്ങും കൗന്തേയർ, ചാരിത്ര്യപ്രസംഗം! കുന്തിയുടെയോ കൗന്തേയരുടെയോ വിവാഹ ബാഹ്യ ബന്ധങ്ങളുടെ സ്ഥിതിവിവരക്കണക്കു ഞാൻ അന്നും ഇന്നും സൂക്ഷിച്ചിട്ടില്ല എങ്കിലും, പെണ്ണടലഴകിൽ പുരുഷപ്രലോഭന സാധ്യത തിരിച്ചറിഞ്ഞവരിൽ ഓരോരുത്തർക്കും ഉണ്ടായിരുന്ന വിവാഹത്തിന് മുമ്പും പിമ്പും രഹസ്യക്കാരികൾ. പതിവ്രത കൊട്ടാരംവിഴപ്പിൽ നിന്നല്ല ഇതൊക്കെ ഞാൻ പെറുക്കിയെടുത്തതു, പായക്കുട്ടിൽ ഊഴംകിട്ടി വരുന്ന അഞ്ചു ആണുങ്ങളുടെ ഉറക്കപ്പേച്ചിലൂടെ! എന്റെ പരപുരുഷ സൗഹൃദക്കൂട്ടായ്മയെക്കുറിച്ചു കൗന്തേയരുടെ അപവാദങ്ങൾക്കു മറുപടി പറയുന്നില്ല. എന്നാൽ പച്ചപ്പാവമെന്നു നാമൊക്കെ കരുതിയ ഭീമൻ (അവനിന്നു സ്മൃതിനാശ രോഗത്തിന്റെ പിടിയിലാണ്) താക്കീതു പോലെ വനവാസക്കാലത്തു വികാരഭരിതനായി പറഞ്ഞതോർക്കുന്നു. “കൗരവരുമായി ഭാവിയിലൊരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ, അപ്പോൾ മാത്രം, നിങ്ങൾക്കറിയാനാവും, ഏതു പാണ്ഡവന്റെ ഏതു വിവാഹബാഹ്യ രഹസ്യ പുത്രനാണ്, പാണ്ഡവ വംശം നിലനിർത്താൻ, സ്വയം ബലികൊടുത്തു പോർക്കളത്തിൽ നമ്മുടെ ജീവൻ രക്ഷിക്കുക!”. ഘടോൽക്കചൻ എന്നോ മറ്റോ ‘രാക്ഷസീയ’മായ വിവാഹബാഹ്യബന്ധത്തെക്കുറിച്ചു കേട്ടനാൾ മുതൽ ഭീമനമായി പായക്കുട്ടു ഞാൻ നിർത്തിയിരുന്നു. വല്ലാത്ത ‘ദേവ’സന്തതികൾ ഈ കാമാവേശ കൗന്തേയർ! എന്നക്കാലത്തു തോന്നി. ഘടോൽക്കചൻ പിന്നീട് കുരുക്ഷേത്രയിൽ ചെയ്ത വിസ്മയകരമായ പോരാട്ട പ്രകടനവും കൗന്തേയരുടെ തന്നെ യുദ്ധകുതന്ത്രത്തിൽ ആ യുവാവ് നേരിട്ട ദാരുണ അന്ത്യവും കണ്ടപ്പോൾ തോന്നി ആൾനാശ സാധ്യതയുള്ള വിമോചന സമരങ്ങൾ പരിസമാപ്തിയിൽ എത്തിക്കാൻ, വിവാഹ ബാഹ്യ ബന്ധങ്ങളിലെ രഹസ്യസന്തതികൾ തന്നെ വേണം മുൻനിരയിൽ! ഞങ്ങളെ നിർദ്ദയം സ്ഥാനഭ്രഷ്ടരാക്കിയ പരീക്ഷിത്തിനെ വീരഘടോൽക്കചൻ ഒറ്റക്കൈകൊണ്ട് തൂക്കിയെടുത്തു യമുനയിൽ അന്നേ എറിയുമായിരുന്നില്ലേ!” പാഞ്ചാലി വിതുമ്പി.

“ലോകശ്രദ്ധ ആകർഷിച്ച പാഞ്ചാലിയുടെ പീഡനപരാതിയിൽ പിതാമഹൻ നീതിപതിയായ ഹസ്തിനപുരി നീതിപീഠം അന്തിമവിധി പറഞ്ഞു എന്ന് കേട്ടു. ആരെല്ലാം അകത്താവും?”, കൊട്ടാരം ലേഖിക ചാർവാകനെ കണ്ടപ്പോൾ ചോദിച്ചു.

“പരാതിയിൽ പാണ്ഡവർ ആരോപിക്കുന്ന പോലെ ഒരു പീഡനശ്രമം ഇല്ലെന്നാണ് നീതിമാന്റെ വിധി. പെൺമാറിടത്തിൽ അറിയാതെ സ്പർശിച്ചതും, ഉടുതുണി വലിച്ചതും, സ്ത്രീക്കു അതിക്രമമായി കാണാം, എന്നല്ലാതെ പെൺപീഡനം എന്ന വകുപ്പിൽ വരുന്നില്ല. അതിക്രമങ്ങൾ എന്നു പ്രത്യക്ഷത്തിൽ തോന്നാവുന്ന തരം നിഷ്ക്കളങ്ക പെരുമാറ്റദൃശ്യങ്ങൾ നമ്മുടെ നിത്യജീവിത ഗാർഹിക, തൊഴിൽ സന്ദർഭങ്ങളിൽ പതിവാണല്ലോ, അതിക്രമം എന്ന പരാതി പരിശോധിച്ച് വാക്കാൽ ശാസനക്ക് ആരോപിതനെ വിധേയനാക്കി. എന്നാൽ പൗരാവകാശം നഷ്ടപ്പെട്ട പാഞ്ചാലി ഇപ്പോൾ അടിമപദവി വഹിക്കുന്ന സ്ഥിതിക്ക് അവളുടെ ആരോപണം, തുടക്കം മുതൽ അസാധു എന്ന വകുപ്പിൽ പെടുത്തി തുടർനടപടി അവസാനിപ്പിച്ചു. ഇനി ലോകമനസ്സാക്ഷിയുടെ നീതിപീഠം ശരണം.”

◇ 2025/03/22 ◇

“പാണ്ഡുവംശഹത്യ, അരക്കില്ലം, ധൃതരാഷ്ട്രർക്കെന്തറിയാം പിടികിട്ടാപ്പുള്ളികളായ പാണ്ഡവരുടെ ഇപ്പോഴത്തെ അങ്ങാടി നിലവാരം!”, കൊട്ടാരം ലേഖിക ചോദിച്ചു. വാരണാവതം വനമേഖലയിൽ നിന്നും ഒളിച്ചോടിയ കുന്തിയും മക്കളും ഏകചക്ര ഗ്രാമത്തിൽ ഭിക്ഷക്കാരായി കഴിയുന്ന ആസുര കാലം.

“ഉള്ളത് പറഞ്ഞാൽ ഗാന്ധാരി ആഭ്യന്തര കലാപമുണ്ടാക്കില്ലേ. വാരണാവതം സുഖവാസ മന്ദിരത്തിൽ പാണ്ഡവ കുടുംബം വെന്തുചാവണം എന്ന രാജകല്പന ഞാൻ ഒരു കരാറുകാരൻ ഏറ്റെടുത്തു. ധൃതരാഷ്ട്രർക്ക് കണ്ണു കാണില്ലെന്ന കടംകഥ തൊണ്ട നനയാതെ ഞങ്ങൾ വിഴുങ്ങിയിട്ടില്ല, കണ്ടെന്നു ഉറപ്പു വരുത്താനും, കണ്ടില്ലെന്നു നടിക്കാനും കുഞ്ഞുനാളിൽ ഭീഷ്മർ ഉപദേശിച്ചുകൊടുത്ത കാഴ്ചപരിമിതിയെന്ന കുടില കാഴ്ചപ്പാടിൽ മനസ്സ് ഉറച്ചു പോയോ കുരുവംശനാഥനു? തൊഴിൽപരമായി ഞങ്ങൾ കരാറുകാരാണെങ്കിലും, കരൾ മൃദു, അതു കൊണ്ടാവണം ഞാൻ ചോദിച്ചു, “മഹാത്മൻ, എന്തു തെറ്റു അനാഥവിധവ കുന്തിയും പറക്കമുറ്റാത്ത മക്കളും നിങ്ങളോട് ചെയ്തു?” ധൃതരാഷ്ട്രർ കണ്ണിമയിളക്കാതെ പറഞ്ഞു, “ശാപഗ്രസ്ത പാണ്ഡു സ്ഥാന മൊഴിഞ്ഞു പോട്ടെ കാട്ടിൽ, നീയും മാദ്രിയും എന്റെ കൂടെ നിന്നാൽ, ഗാന്ധാരിയെക്കാൾ ഒരു പണത്തൂക്കം കുറവല്ലാതെ ഞാൻ നിങ്ങളെ നോക്കാം”. വിശ്വസ്ത പാണ്ഡുഭാര്യ എന്ന ഖ്യാതി നിലനിർത്തിയ കുന്തി, ഭർത്താവുമൊത്തു വനവാസത്തിനു പോയപ്പോൾ, കലുഷിത ധൃതരാഷ്ട്രഹൃദയം കല്ലിച്ചു. വംശഹത്യ എന്ന ആശയം അങ്ങനെ രൂപംകൊണ്ടു. ക്ഷമയോടെ വർഷങ്ങൾ കാത്തിരുന്നു. ഹൃദയം പിടക്കുന്നു, ക്ഷമിക്കു വധ രഹസ്യത്തിന്റെ വിഴുപ്പുകെട്ടഴിക്കാൻ നിങ്ങൾക്ക് അക്ഷമ ഉണ്ടെന്നറിയാം, കൂടുതൽ വിചാരണയിൽ പരമസത്യം വെളിപ്പെടുത്തും, പരിഭവമരുതേ, അപ്പോൾ നിങ്ങളും, ആർക്കറിയാം, ഒരു പക്ഷേ, പ്രതിക്കൂട്ടിൽ വരും!”

“യുധിഷ്ഠിരന്റെ സ്വതവേ ഇനക്കേടുള്ള മാനസികാരോഗ്യത്തിന് വനവാസത്തിൽ ക്ഷതം ഏറ്റു എന്നാണല്ലോ പട്ടാഭിഷേകം കണ്ടവരുടെ ന്യായമായ സംശയം. പ്രൗഢമായ അരമനസന്ദർഭത്തിനും, ധർമ്മപുത്രർപദവിക്കും യോജിക്കാത്ത ചിരിയും പ്രകടനവും! കൗരവരാജവിധവകളോട്ട് അന്തസ്സില്ലാതെ പെരുമാറി, അങ്ങനെയും പ്രതികൂല ശ്രദ്ധയാകർഷിച്ചു. എന്തു പറ്റി എന്നറിയാതെ മുൻതലമുറയിലെ കൃപാചര്യർ, പാഞ്ചാലിയെ നോക്കി മൗനനൊമ്പരം. എന്തു എങ്ങനെ വായിച്ചെടുക്കണം ദുരിതമനുഭവിക്കുന്ന ജനം?”, കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ഇനിയും ശരശയ്യയിൽ തുടരുന്ന ഭീഷ്മരുടെ രാഷ്ട്ര മീമാംസാബോധനം നേടാൻ ഉടൻ കുരുക്ഷേത്ര സന്ദർശിക്കണം എന്ന് വാശി പിടിക്കുന്നെങ്കിൽ പിന്നെ വൈകില്ല, യുധിഷ്ഠിരനെ രാപ്പകൽ നിരീക്ഷണവിധേയനാക്കാൻ മറ്റു നാലു പാണ്ഡവർ തയ്യാർ. അതുവരെ സാവകാശം തരണം. ഇഷ്ടക്കാരി സ്ത്രീകളെ വേൾക്കാൻ എന്തു അസംബന്ധ നിബന്ധനയും സമ്മതിക്കുന്ന അതിദുർബല രാജാക്കന്മാർ ഇരുന്ന കുരുവംശ സിംഹാസനത്തിൽ, ഇത്തവണ എന്തായാലും പാഞ്ചാലിയുടെ പെണ്ണാധിപത്യം, പരിപൂർണ്ണം. ഭരണകൂടം അവൾ വിരൽ ചൂണ്ടിയാൽ ചലിക്കും. സദയം കാത്തിരിക്കുക!”

◇ 2025/03/23 ◇

“രാജസഭയിൽ സംഘടിത ലൈംഗികാക്രമണം നേരിടുമ്പോൾ മൂകസാക്ഷികൾ ആയിരുന്ന പ്രമുഖരെ, യുദ്ധം ജയിച്ചു നിങ്ങൾ അധികാരത്തിൽ എത്തിയാലുടൻ പരസ്യമായി വിചാരണ ചെയ്യുമെന്നു വനവാസക്കാലത്തു പറഞ്ഞിരുന്നില്ലേ? എന്തായി”, കൊട്ടാരം ലേഖിക ചോദിച്ചു.

“എന്റെ അടിവസ്ത്രത്തിൽ പിടികർ കൈവക്കുമ്പോൾ വിവസ്ത്രകാഴ്ച കണ്ടു് ആർമാദിച്ചവരിൽ, ഇന്ന് ജീവിച്ചിരിപ്പുള്ളത് എന്റെ ഭർത്താക്കന്മാർ മാത്രം”.

“കൗരവർ കുരുക്ഷേത്ര യുദ്ധം ജയിക്കുന്നു, ധീരകർണ്ണൻ, വിഷാദരോഗി അർജ്ജുനനെ വധിച്ചു പോർക്കളത്തിലും പോരാളികൾക്കിടയിലും പെരുമ നേടിയാൽ, കർണ്ണസാന്നിധ്യം ഭീഷണിയാവുമോ ദുര്യോധനന്റെ അധികാര മോഹങ്ങൾ പൂവണിയാൻ?”, കൊട്ടാരം ലേഖിക കരിമ്പനീർ പങ്കു വയ്ക്കുമ്പോൾ ചാർവാകനോട് ചോദിച്ചു. കുരുക്ഷേത്ര.

“പാഞ്ചാലിയെ കൈവശപ്പെടുത്താൻ ദുര്യോധനനും കർണ്ണനും ഇടയിൽ, ആദ്യ മത്സരം കടുത്താൽ, പിന്നെ ആജീവനാന്ത സുഹൃത്തിന്റെ അസാന്നിധ്യം ഉറപ്പുവരുത്താൻ കൗരവൻ, ആളെ സംഘടിപ്പിക്കാൻ ആണോ പണി!”

“യുദ്ധക്കെടുതിയിലും പ്രത്യാശ നൽകുന്ന എന്തോ നിങ്ങളെ സന്തോഷിപ്പിക്കുന്നല്ലോ, പങ്കിടാമോ വിശദാംശങ്ങൾ?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. യുദ്ധം ജയിച്ച പാണ്ഡവർ നിത്യചെലവിന് വകയില്ലാതെ പരക്കം പായുന്ന ദിനങ്ങൾ.

“ഒരു മാസം കഴിഞ്ഞു, മുറിവേറ്റ കൗരവ സൈനികരുടെ അപേക്ഷ കിട്ടിയിട്ടില്ല, സഖ്യസൈന്യങ്ങളെ തന്ന രാജ്യങ്ങൾ, ആൾനഷ്ടത്തിന് നഷ്ടപരിഹാരം ചോദിച്ചിട്ടില്ല, വിമുക്ത സൈനികർ എന്ന പ്രധാന ചെലവ് വിഭാഗത്തിൽ, സഹായം തേടാൻ ആരുമില്ല. ആലോചിച്ചു നോക്കുമ്പോൾ, ജനസംഖ്യ കുറക്കാൻ എളുപ്പവഴിയാണല്ലോ യുദ്ധം, എന്നാരും ചോദിച്ചുപോകും.”

“പട്ടാഭിഷേകം കഴിഞ്ഞു യുധിഷ്ഠിരൻ പാഞ്ചലിയുമൊത്ത് ഹസ്തിനപുരി പൗരസമൂഹത്തെ അഭിവാദ്യം ചെയ്തു ആശീർവദിക്കുന്ന പരിപാവന ചടങ്ങൊന്നും കണ്ടില്ലല്ലോ.” കൊട്ടാരം ലേഖിക അരമന വക്താവിനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ശരശയ്യയിൽ മരണം കാത്തുകിടക്കുന്ന ഭീഷ്മർക്ക് അന്ത്യോപചാരം ചെയ്യാൻ കുരുക്ഷേത്രയിൽ ഇരുവരും പോകണമല്ലോ. മരിച്ചിട്ടില്ലെങ്കിൽ, ഭരണകാര്യങ്ങളിൽ ഉപദേശം തേടും. ചെങ്കോൽ പിടിക്കാൻ യോഗം ഉണ്ടായില്ല എങ്കിലും പിതാമഹനു രാജ്യഭരണത്തിൽ അനുഭവസമ്പത്ത് നിസ്സാരമല്ല. രാജാവിന് തിരക്കുണ്ട്. വാരണാവതം വനമേഖലയിൽ വേനൽക്കാല വസതി പണിയണം. പിന്നെ താമസം സ്ഥിരം അവിടെ ആവും. ഭരണം അതിന്റെ സ്വാഭാവിക ഒഴുക്ക് കണ്ടെത്തും എന്നാണ് പ്രതീക്ഷ. ഇല്ല പാണ്ഡവർക്കിടയിൽ പടല പിണക്കം ഒന്നുമില്ല. കൗരവരാജ വിധവകളെ കർശനമായി നേരിട്ടും, അരമനയിൽ പാണ്ഡവരുടെ സേവന ദാതാക്കൾ ആയി വന്നാൽ, പരീക്ഷണ അടിസ്ഥാനത്തിൽ വേതന രഹിത അടിമജോലി പദവിയിൽ തുടരാൻ വിരോധം ഇല്ല.”

“പെറ്റകുഞ്ഞിനെ പുഴയിൽ ഒഴുക്കിയ കുന്തിയെ, മാതൃത്വത്തിന്റെ മഹനീയപ്രതീകം ആയി കാണുന്നു എന്ന നിങ്ങളുടെ ഏറ്റുപറച്ചിൽ എന്തു സാഹചര്യത്തിൽ ആണു നിങ്ങൾ നടത്തിയത്?” കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“അതു വ്യക്തമാണല്ലോ. വെറുതെ ഒഴുക്കി വിട്ടതല്ല, ജല ദേവതയുമായി ധാരണ ഉണ്ടായി, അങ്ങനെ എന്റെ വളർത്തു പിതാവിന്റെ വസതിക്ക് മുമ്പിലുള്ള നീരൊഴുക്കിൽ നവജാതശിശു സുഖമായി എത്തിച്ചേർന്നു. കൗമാരത്തിലെ പരീക്ഷണം ആയിരുന്നു രതി, ഇങ്ങനെ ഒരു ശിക്ഷ! എന്നും പറഞ്ഞു എനിക്ക് വേണമെങ്കിൽ ആരുമറിയാതെ നിന്നെ മുഷിഞ്ഞതുണികൊണ്ട് മൂടിക്കെട്ടി കുഴിച്ചിടാമായിരുന്നു. അങ്ങനെ ആണല്ലോ മോശം അമ്മമാർ. അതാണ് പറഞ്ഞത് കുന്തിയുടെ കുറ്റം നിസ്സാരമായിരുന്നു. അവരെ വരുംകാലങ്ങൾ പ്രകീർത്തിക്കും” കടിച്ചമർന്ന ദുഃഖവും പേറികർണ്ണൻ കുരുക്ഷേത്ര യുദ്ധത്തിൽ പങ്കെടുക്കാനുള്ള കൗരവസംഘത്തിൽ വരിനിന്നു.

“നവജാതശിശുക്കളെ പ്രസവത്തിന് ശേഷം പുഴവെള്ളത്തിൽ, പെറ്റ തള്ള സ്വയം മുക്കിക്കൊല്ലുന്ന ഒരു കൗതുകകരമായ ആചാരമുണ്ട് മഹാരാജാവ് ശന്തനുവിന്റെ കാലം മുതൽ നമ്മുടെ ഹസ്തിനപുരിയിൽ. നിങ്ങൾ അങ്ങനെ ഒരു കർമ്മ പരിപാടി ചെയ്യാതിരിക്കാൻ മാത്രം പ്രത്യേകിച്ച് കാരണം വല്ലതും?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. ജീവിത സായാഹ്നം.

“കുഞ്ഞിനെ കുഴിച്ചു മൂടാം എന്നെനിക്കു നിർദേശം അന്തർമണ്ഡലത്തിൽ തന്നെ ബാഹ്യപ്രേരണ ഇല്ലാതെ ഉദിച്ചിരുന്ന എന്ന വസ്തുത നില നിൽക്കുന്നു. എന്നാൽ “അരുത്, ഇവൻ എനിക്ക് പ്രിയപ്പെട്ടവൻ, കീഴാളജനതയുടെ അഭിമാനബോധത്തെ കുന്നോളം ഉയർത്താൻ ഇവൻ സമൂഹത്തിൽ നിലനിൽക്കേണ്ടതു് ആവശ്യം” എന്ന അശരീരി എനിക്കുണ്ടായി എന്നതും വസ്തുത. നിങ്ങൾ പരാമർശിച്ച ഗംഗശന്തനു ദമ്പതികളുടെ ഏഴു കുഞ്ഞുങ്ങളെ വധിക്കാൻ അത്തരം ബാഹ്യ ഇടപെടലുകൾ ഉണ്ടായി എന്നാരും പറഞ്ഞു ഞാൻ കേട്ടിട്ടില്ല. പാണ്ഡുഭാര്യ എന്ന നിലയിൽ അരമന കഥകൾ ഞാൻ കുറെ കേട്ടിട്ടുണ്ടല്ലോ. കർണ്ണന്റെ കാര്യത്തിൽ ആകാശചാരികളുടെ അർഥഗർഭമായ ആജ്ഞ ഞാൻ കേട്ടല്ലേ പറ്റൂ. അതു കേട്ടു. അമ്മ ആരെന്നല്ല അച്ഛൻ ദേവതയാവണം എന്നായിരുന്നു കർണ്ണന്റെ സ്വപനം! അതു അംഗീകരിച്ചു കിട്ടാൻ അമ്മയുടെ ഏറ്റുപറച്ചിൽ തന്നെ വേണ്ടി വന്നു. അതും കർണ്ണന്റെ മരണശേഷം!”

◇ 2025/03/24 ◇

തേക്കിൻകാട്ട് വെട്ടി നശിപ്പിക്കുന്നത് എതിർത്ത വെളിച്ചപ്പാടിന്റെ തലവെട്ടി അരിശം തീർത്ത ക്രൂരഭരണാധികാരിയെ കുറിച്ച് വിശ്വസ്ത മലയാളി പ്രജകൾ അഭിമാനിക്കുന്നത് പോലെ, ഖാണ്ഡവവനം കത്തിച്ചു പാണ്ഡവർ പുതു നഗരം പണിയുന്നത് മഹത്തായ ഒരു മനുഷ്യ പ്രയത്നം എന്ന മട്ടിൽ മഹാഭാരത വായനക്കാർ ഇക്കാലത്തും കുട്ടികൾക്ക് പറഞ്ഞു കൊടുക്കാറുണ്ടോ!

◇ 2025/03/25 ◇

“പെണ്ണടലിൽ മലീമസ രാഷ്ട്രീയമോ? എന്നായിരുന്ന നിങ്ങൾ ചോദിച്ചത്. ഉദ്ദേശിച്ചത് മഹാറാണി പാഞ്ചാലിയെ ആണെന്ന് അഞ്ച് പാണ്ഡവരും അർഥശങ്കയില്ലാതെ ഒരുമിച്ച് ആരോപിക്കുമ്പോൾ, എന്തുണ്ട് പ്രതിരോധിക്കാൻ?”, കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു, യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“ദ്രൗപദി കാര്യമറിയാതെ എന്നോടെങ്കിലും ദ്വേഷ്യപ്പെടരുത്, ഞാൻ കൗരവസ്ത്രീസമൂഹത്തെ അഭിസംബോധന ചെയ്ത് നിരീക്ഷിക്കുമ്പോൾ, അശേഷം മഹാറാണി ആയിരുന്നില്ല മനസ്സിൽ. എങ്ങനെ ആവും? പാഞ്ചാലി ഉദാഹരിക്കപ്പെടേണ്ടത് ബഹുകക്ഷിദാമ്പത്യം മലീമസ വിഷയമാവുമ്പോൾ അല്ലേ? അപ്പോൾ കളിയാകെ മാറും! ഹസ്തിനപുരിയിൽ ബഹുഭർതൃത്വം അസാധാരണമല്ല എന്ന് ആവർത്തിക്കുന്നവർ ഒന്നു ചുണ്ടിക്കാണിക്കുക, കൗരവർ നൂറുപേരും യുദ്ധത്തിൽ മരിച്ചശേഷം ഒരു വിധവയെങ്കിലും സ്വാർഥലാഭത്തിൽ പണ്ഡവരുമായി മലീമസഉടൽ ബന്ധം സ്ഥാപിച്ചിട്ടുണ്ടോ? അതാണ് ഞാൻ പറഞ്ഞത്, പാഞ്ചാലി മലിനരാഷ്ട്രീയക്കാരിയല്ല, അവളുടെ ഉടലിൽ ഭ്രമിക്കുന്ന പാണ്ഡവരെ അഞ്ച് പിണിയാളുകൾ മാത്രം ആക്കുന്ന പരിപൂർണ്ണ സ്വൈരാധിപതിയാണവൾ”, അരമനയിൽ നിന്നും കുരുക്ഷേത്രവിധവകൾക്ക് കിട്ടേണ്ട അക്ഷയപാത്രം ഇനിയും കിട്ടാത്തതിൽ പ്രക്ഷോഭം തുടങ്ങുകയായിരുന്ന, ജന്മത്താൽ കലിംഗദേശക്കാരിയായ ദുര്യോധന വധു.

“ആകാശത്തിലെ പറവകൾക്കായി ആയിരം നീർക്കുടങ്ങൾ എന്ന മധ്യവേനൽപദ്ധതി നടപ്പിലാക്കുന്ന പാഞ്ചാലിയോടെന്താ നിങ്ങൾക്ക് പക? പ്രകൃതിശക്തികളിൽ നിന്നും ഭീഷണി നേരിടുന്ന ആവാസവ്യവസ്ഥയെ പരിപാലിക്കുകയെന്നതും സംവേദന ശീലമുള്ള ഭരണാധികാരിയുടെ ചുമതലയല്ലേ?”, കോട്ടവാതിലിനു മുമ്പിൽ നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുന്ന കൗരവരാജവിധവകളോട് കൊട്ടാരം ലേഖിക ചോദിച്ചു. മുഷിഞ്ഞ മേൽവസ്ത്രങ്ങൾ, വിയർത്തൊഴുകുന്ന കഴുത്തും കക്ഷവും, എന്നിട്ടും കുരുക്ഷേത്ര വിധവകളുടെ ഉടൽ ഉച്ചവെയിലിൽ ജ്വലിച്ചു.

“ഖാണ്ഡവ വനമെന്ന ആവാസ വ്യവസ്ഥയെ അവളും പാണ്ഡവരും എങ്ങനെ കത്തിച്ചാമ്പലാക്കി എന്നതക്കാലത്തെ ചുവരെഴുത്ത് വാർത്തകളിൽ നിന്ന് കേട്ടറിഞ്ഞിട്ടുണ്ട്. ആ കഥയൊന്നും നിങ്ങൾ ആവർത്തിക്കരുതേ. നീർക്കുടങ്ങൾ പറവകൾക്കു സമ്മാനിച്ച പാഞ്ചാലി ഞങ്ങളുടെ പുനരധിവാസ കേന്ദ്രത്തിലും വന്നിരുന്നു. കുടിക്കാനും കുളിക്കാനും ജലമില്ലെന്നു വിലപിച്ച ഞങ്ങളോടവൾ, അറിയാമോ, വിരൽചൂണ്ടി തട്ടിക്കയറി. കോട്ടക്കകത്തെ രാജമന്ദിരങ്ങൾക്കു പിന്നിൽ കൗരവർ പൊതുചെലവിൽ പണിതെടുത്ത കുളങ്ങളിൽ ദശാബ്ദങ്ങളോളം ഞങ്ങൾ നീന്തിത്തിമിർത്ത എന്നവൾ പ്രാകി. ഞങ്ങൾ ആകെ വിരണ്ടു. വേനലിൽ ഹിമാലയം ഉരുകി ജലമൊഴുകുന്ന രണ്ടു മഹാനദികൾക്കിടയിലെ ഹരിതഭൂമിയാണ് ഹസ്തിനപുരി എന്ന വ്യാജപ്രചാരണം കേട്ടാണ് വ്യത്യസ്ത ഭൂവിഭാഗങ്ങളിൽ നിന്ന് കൗമാരകാലത്തു നവവധുക്കളായി ഇവിടെ വന്ന ഞങ്ങളെ കൗരവർ പ്രണയപൂർവ്വം പരിലാളിച്ചു എന്നതിന് തെളിവല്ലേ നൂറു നീന്തൽകുളങ്ങൾ? കൗരവർ കോട്ടക്കകത്തു അതൊക്കെ നിർമ്മിച്ചതു കൊണ്ടല്ലേ പാഞ്ചാലി നിത്യവും ഇപ്പോൾ നീന്തിക്കുളിച്ചു ഈ വേനലിലും മിന്നുന്ന തൊലിയും തിളങ്ങുന്ന തുണിയുമായി തിമിർക്കുന്നതു?”

“പന്ത്രണ്ടുവർഷം ആറുപേർ അന്തിയുറങ്ങിയ ഈ ഓർമകടീരം ഇനി എന്തു ചെയ്യും? അക്ഷയപാത്രം ഉൾപ്പെടെ എല്ലാം ഇവിടെ ഇട്ടെറിഞ്ഞു അജ്ഞാതവാസത്തിലേക്കു അപ്രത്യക്ഷരാവുമോ, അതോ, വിധിവിളയാട്ടത്തിൽ വല്ലപ്പോഴും ഹസ്തിനപുരി മഹാറാണിയായാൽ, പാണ്ഡവ പൈതൃകമായി ആളൊഴിഞ്ഞ ആശ്രമം പരിപാലിക്കുമോ?”, പൗരാവകാശവും സ്വത്തും നഷ്ടപ്പെട്ട കൗരവ അടിമകളായി സഹനത്തിൽ കഴിഞ്ഞ ജീർണ്ണആശ്രമം നോക്കി കൊട്ടാരം ലേഖിക അനുതാപത്തോടെ ചോദിച്ചു.

“വാരണാവതത്തിൽ നിന്നും അർദ്ധരാത്രി കുന്തിയും മക്കളും ഒളിച്ചോടുമ്പോൾ, അരക്കില്ലം കത്തിച്ച പോലെ, തീയിടട്ടെ പാണ്ഡവർ ഇതും!”

◇ 2025/03/26 ◇

“നിത്യവും അണിഞ്ഞൊരുങ്ങി മദ്യവും മാംസവും കീചക വസതിയിൽ എത്തിക്കുന്നതും, അർദ്ധരാത്രി കഴിഞ്ഞു സുദേഷ്ണയുടെ അന്തപുരത്തിലേക്ക് അഴിഞ്ഞുലഞ്ഞ വേഷത്തിൽ തിരിച്ചു വരുന്നതും വിരാട രാജാവ് അറിഞ്ഞ മട്ടില്ലേ? എങ്ങനെ കൈകാര്യം ചെയ്ത കീചകവസതിയിലെ വിരാടചാരന്മാരെ?” കൊട്ടാരം ലേഖിക, സൈരന്ധ്രി എന്ന പാഞ്ചാലിയോട് ചോദിച്ചു. സംഘർഷഭരിതമായ അജ്ഞാതവാസക്കാലം.

“വിരാടരാജാവ്, ഭാര്യ സുദേഷ്ണ അറിയാതെ എന്നെ പായക്കുട്ടിന് പ്രേരിപ്പിക്കുന്ന കാലം. കീചകൻ വിരാടനെ സ്ഥാനഭ്രഷ്ടനാക്കാൻ റാണിയും ജ്യേഷ്ഠത്തിയുമായ സുദേഷ്ണക്കൊപ്പം ശ്രദ്ധമായി ശ്രമിക്കുന്നുണ്ട് എന്ന് ഞാൻ വിരാടനെ വാത്സല്യത്തോടെ വിരട്ടി, കൂടുതൽ രഹസ്യവിവരം കിട്ടിയ ഉടൻ അറിയിക്കാം എന്ന വാക്കു കൊടുത്തതോടെ എന്നെ ശിക്ഷിക്കാൻ തുനിഞ്ഞ വിരാടൻ രക്ഷകൻ ആയി. യുവാവായ കീചകൻ കമിതാവായപ്പോൾ, ഞങ്ങൾക്ക് ശല്യക്കാരനായത് ഭീമൻ. അവൻ ഒരുത്തൻ ആയിരുന്ന കീചകനെ നീക്കം ചെയ്യാൻ എന്നെ നിർബന്ധിച്ച് ലൈംഗിക കെട്ടുകഥ മെനഞ്ഞതും അങ്ങനെ എന്റെ പ്രിയപ്പെട്ടവന്റെ ഉയിർ എടുത്തതും”. പാഞ്ചാലിയുടെ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിറച്ചു.

◇ 2025/03/27 ◇

“പ്രകൃതി അനുവദിച്ച നിറം നിങ്ങളെ ദാമ്പത്യത്തിൽ വഞ്ചിച്ചുവോ?”, മഹാപ്രസ്ഥാനത്തിന്റെ അന്ത്യം, ദേവസന്തതികളായ അഞ്ചോളം ഭർത്താക്കന്മാർ സ്വർഗ രാജ്യത്തേക്കു പദയാത്രയിൽ കയ്യൊഴിഞ്ഞു, മലഞ്ചെരുവിലെ പ്രയാണത്തിൽ കഴഞ്ഞുവീണ അനാഥ പാഞ്ചാലിയെ വാരിയെടുത്ത് മടിയിൽ കിടത്തി അന്ത്യ നിമിഷങ്ങളിൽ പരിചരിക്കുകയായിരുന്ന കൊട്ടാരം ലേഖിക.

“അധികാരതന്ത്രങ്ങൾ ആവിഷ്കരിക്കാൻ അവർ ശ്യാമ സുന്ദരനെ അഭിമാനത്തോടെ കൂട്ടുപിടിച്ചു, എന്നാൽ രാത്രി ഉടലിന്റെ തൃഷ്ണ ശമിപ്പിക്കാൻ മാത്രം ഈ കൃഷ്ണയെ അവർ കൂടെ കിടത്തി.”

“പുറത്തുപോകൂ ഞങ്ങൾക്ക് ജീവിക്കാൻ സമാധാനം തരൂ എന്ന് വിളിച്ചുപറഞ്ഞു നിങ്ങൾ ബഹളം വെക്കുന്നത് എന്തിനാണ്?” കൊട്ടാരം ലേഖിക പ്രക്ഷോഭകാരികളെ നേരിട്ട് വഴിയിൽ കണ്ടപ്പോൾ ചോദിച്ചു. വിരാടരാജ്യം.

“സമാധാനമായി കഴിഞ്ഞ വിരാടർ ഇപ്പോൾ സൈനിക മേഖലയിലെ ബന്ദികൾ. ആരെ രക്ഷിക്കാൻ ആണവർ ഇവിടെ? ആരാണ് ഈ പാണ്ഡവർ? ഞങ്ങളുടെ രക്ഷകർ? അതോ ചൂഷകർ? അവർ ഉടൻ സ്ഥലം വിട്ട് പോകണം, അവർ ഞങ്ങളെ സ്വൈരമായി ജീവിക്കാൻ അനുവദിക്കണം.”

“പീഡക കൗരവന്റെ ഇടനെഞ്ചു കലക്കി ചുടുചോര കൊതും ഞാൻ പാഞ്ചാലിയുടെ മുടിയിൽ പുരട്ടാൻ എന്ന് രൗദ്രഭീമൻ ചൂതാട്ടസഭയിൽ ആക്രോശിക്കുമ്പോൾ, വിരൽ ചൂണ്ടി നിങ്ങൾ അടുത്തേക്ക് വിളിച്ചു മന്ത്രിക്കുന്ന പോലെ തോന്നി.” അതെന്തായിരുന്നു എന്നു പാഞ്ചാലിയുടെ മുഖത്തവൾ നോക്കി. വനവാസക്കാലം. പാണ്ഡവർ നായാട്ടിന് പോയ പ്രഭാതം.

“ഒന്നോർമ്മിപ്പിക്കാൻ, ഭീമൻ ഉൾപ്പെടെ അഞ്ചുപേരെയും. ആദ്യരാത്രിയിൽ യാത്രാക്ഷീണം കാരണം ഞാൻ പായിൽ കിടന്ന ഉടൻ മയങ്ങി പോയപ്പോൾ തട്ടിയുണർത്തി പാണ്ഡവർ ഉടുതുണി ഊരി ചെയ്ത പ്രകൃതി വിരുദ്ധരതിയെക്കാൾ അവഹേളനം ഒന്നും ഉണ്ടായില്ല, കൗരവർ അരക്കെട്ടിലും മാറിടത്തിലും സ്പർശിച്ചപ്പോൾ എന്നു മൃദുവായി ഓർമ്മിപ്പിച്ചു.”

“മരണമെത്തുന്ന നേരത്ത് കഴഞ്ഞു മറിയുന്നുണ്ടോ മനം? ജീവിച്ചു കൊതി തീരും മുമ്പ് കാലൻ കണക്ക് തീർക്കുന്നുവോ?” കൊട്ടാരം ലേഖിക ദുര്യോധനനെ അടുത്ത് ചെന്നു വന്ദിച്ചു. ഭീമഗദയിൽ തകർന്ന അരക്കെട്ടുമായി ധീര കൗരവശ്രേഷ്ഠൻ ഒരിറ്റു വെള്ളത്തിനായി ചുണ്ട് പിളർത്തി. കുരുക്ഷേത്ര യുദ്ധാവസാന ദിനം സന്ധ്യ.

“മരിക്കുന്നതിൽ ഖേദമല്ല ആശങ്കയാണ് മനസ്സിൽ. എന്റെ അസാന്നിധ്യത്തിൽ ഗാന്ധാരി മുതൽ അരമനയിലെ കൗരവസ്ത്രീകളെ പാണ്ഡവർ ദുരുപയോഗം ചെയ്യുമ്പോൾ പ്രതിരോധിക്കാൻ ആവാത്ത എനിക്കെന്ത് സ്വർഗ്ഗരാജ്യം!”

◇ 2025/03/28 ◇

“രാഷ്ട്രീയ സാംസ്കാരിക വേദികളിൽ കഴിഞ്ഞ അരനൂറ്റാണ്ടായി നിറഞ്ഞു നിന്ന കൗരവർ നൂറു പേരും, കുരുക്ഷേത്രയിൽ കൊലചെയ്യപ്പെട്ട ശേഷം ഹസ്തിനപുരി നിങ്ങൾ അടുത്തുനിന്ന് നോക്കുമ്പോൾ എന്തു തോന്നുന്നു?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. യുധിഷ്ഠിരന്റെ പട്ടാഭിഷേകം കഴിഞ്ഞു എല്ലാവരും ഉല്ലാസത്തോടെ പ്രഭുക്കൾക്കൊപ്പം ഉദ്യാനത്തിൽ ഇടപഴകുന്ന നേരം.

“മാലിന്യമുക്തം”.

◇ 2025/03/29 ◇

“ഈ സിംഹാസനം യുധിഷ്ഠിരന് ഇരിപ്പിടമാക്കാൻവേണ്ടി ആയിരുന്നോ, പരിപൂർണ്ണ കൗരവ വംശഹത്യ?” പാഞ്ചാലിയുടെ ശ്രദ്ധയാകർഷിച്ച കൊട്ടാരം ലേഖിക ചോദിച്ചു. പട്ടാഭിഷേകം കഴിഞ്ഞു പ്രഭ്രക്കൾ സ്നേഹവിരുന്നിന് അരമനഉദ്യാനത്തിലേക്ക് നീങ്ങുന്ന നേരം. യുദ്ധാനന്തര ഹസ്തിനപുരി.

“കൊടുംകാടു കത്തുമ്പോൾ വന്മരങ്ങൾക്കൊപ്പം ചാമ്പലാവില്ലേ കുറ്റിക്കാടുകൾ?”

“അർജ്ജുനൻ പൊതുവേദിയിൽ വന്നിട്ട് ഒത്തിരി നാളായല്ലോ ഒന്നുപോയി കാണാൻ ശ്രമിക്കുന്നോ?” പത്രാധിപർ ആശങ്ക മറയ്ക്കാതെ കൊട്ടാരം ലേഖികയോട്ട് ചോദിച്ചു. യുധിഷ്ഠിര ഭരണകൂടത്തിൽ പാണ്ഡവർ രണ്ടു ദശാബ്ദങ്ങൾ കഴിഞ്ഞ അന്തർ സംഘർഷ കാലം.

“അഭിമന്യു പുത്രൻ പരീക്ഷിത്തിന്റെ മുപ്പതാം ജന്മദിന ആഘോഷത്തിനു കണ്ടതാണ്. ഇനിയും കിരീടാവകാശിക്ക് ചെങ്കോൽ യുധിഷ്ഠിരൻ കൈമാറിയിട്ടില്ലല്ലോ എന്ന് അഭിമുഖത്തിൽ ഞാൻ നിഷ്കളങ്കജിജ്ഞാസയോടെ ചോദിച്ചപ്പോൾ, വിവർണ്ണ മുഖത്തോടെ അർജ്ജുനൻ പറഞ്ഞു, വേണ്ടിവരും, സിംഹാസനത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന അധികാരമോഹിയെ വലിച്ചുപുറത്തിടാൻ എന്റെ നേതൃത്വത്തിൽ ഒരു കൊട്ടാര വിപ്ലവം. ഉടൻ, കേൾവി പരിധിക്കുള്ളിൽ കണ്ട ചാരവകുപ്പ് മേധാവി നകുലൻ, അയാളുടെ ചുമലിൽ ബലമായി കയ്യിട്ടു കൂട്ടിക്കൊണ്ടു പോയതാണ് അവസാനദൃശ്യം. പിന്നെ അർജ്ജുനഉടൽ പൊതുവേദിയിൽ കണ്ടിട്ടില്ല.”

“കനിവ് കാണിച്ചതു കൊണ്ടെത്ര നേട്ടമുണ്ടാക്കി പാഞ്ചാലി എന്നല്ലേ കാലമിത്ര കഴിഞ്ഞിട്ടും, അർജ്ജുനൻ കനിവില്ലാതെ ചോദിക്കുന്നത്!”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവ ഭരണത്തിന്റെ അന്ത്യവർഷം, കിരീടാവകാശി പരീക്ഷിത്തു് ചെങ്കോലിനായി അരമന വിപ്ലവത്തിന് ആളൊരുക്കുന്ന സംഘർഷ ദിനങ്ങൾ.

“വിവാഹംകഴിഞ്ഞു ഹസ്തിനപുരിയിൽ എത്തുമ്പോൾ സ്വന്തമെന്നുപറയാൻ പാണ്ഡവർക്കൊരിടമില്ല. കുരുവംശത്തിന്റെ വാരണാവതം സുഖവാസമന്ദിരം തീയിട്ടെന്ന കുറ്റത്തിന് പാണ്ഡവ പ്രതികളെ പിടികിട്ടാപ്പുള്ളികൾ ആയി കൗരവർ പ്രഖ്യാപിച്ചിരുന്നു. പരിഭ്രാന്തയായ ഒന്നാംപ്രതി കുന്തി, ഗാന്ധാരിമടയിൽ അഭയം നേടി, പരുക്കൻ പാണ്ഡവരെ പായിലും തീൻശാലയിലും പരിചരിക്കേണ്ട ഗതികേട് എനിക്കുമാത്രമായ ആ ദുർദിനങ്ങളിൽ, നിത്യവും രാവിലെ കുളിച്ചു വൃത്തിയായി പുതുപൂക്കളുമായി വന്നു കണ്ടു മുട്ടുകുത്തി വ്യക്തിഗത സേവനം വാശാനം ചെയ്തിരുന്ന യുവദുര്യോധനനെ ഓർക്കുന്നു. വാക്കു മാത്രമായിരുന്നില്ല, ആപൽഘട്ടത്തിൽ ഹൃദയ ഭാഷ എന്നോടവൻ കൈമാറിയത്, ഇനിയുമെന്തിന് ഞാനൊളിപ്പിച്ചു വെക്കണം, ഈ ഹൃത്തടത്തിൽ കിടക്കുന്ന പലതും! എന്നാൽ അവനുവേണ്ടി നോവുന്ന എന്നെ നെഞ്ചോടു ചേർത്തു ഓമനിക്കാൻ അവനാവുംമുമ്പ് ഭീമൻ, തുടയിലടിച്ചവനെ എന്നെന്നേക്കുമായി നിശ്ശബ്ദനാക്കുന്നതു നേരിൽ കാണേണ്ടിവന്ന നിർഭാഗ്യവതി ഞാൻ!” ഏങ്ങലടിച്ച ഭാര്യയെ നകുലനും സഹദേവനും താങ്ങിയെടുത്തു അന്തഃപുരത്തിലേക്കു പോവുംമുമ്പ് തിരിഞ്ഞുനിന്നൊരു നിർദയ നോട്ടത്താൽ, കൊട്ടാരം ലേഖികയെ ശിക്ഷിച്ചു.

“വിരാടരാജാവിന്റെ നാൽക്കാലികളെ മോഷ്ടിക്കാൻ, ഭീഷ്മർ മുതൽ കർണൻ വരെ, വാളും കുന്തവുമായി പോവുമ്പോൾ, മന്ത്രി വിദുരർ ഉപദേശിച്ചില്ലേ, പാണ്ഡവർ തക്ക അവസരം മുതലെടുത്തു, ഹസ്തിനപുരി കോട്ട തകർക്കാം, അന്ധരാജാവിനെ ബന്ദിയാക്കാം, കൗരവരുമായി മുഷിഞ്ഞു വിലപേശാം.” കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു.

“കാലഹരണപ്പെട്ട ധൃതരാഷ്ട്രരുടെ വ്യക്തിഗത സുരക്ഷ ഞാൻ ഇപ്പോഴും നിലനിർത്തണോ, അതോ, വരാനിരിക്കുന്ന മഹായുദ്ധത്തിൽ ബഹുഭക്ഷണപ്രിയരായ സൈനികർക്ക് തടസ്സമില്ലാതെ മൃഗമാംസഭക്ഷണം ഉറപ്പു വരുത്തണോ?”

“അധികാരം കൈമാറാനുള്ള യാഥാർഥ്യബോധം ഇനിയെങ്കിലും കാണിക്കുമോ?”, കൊട്ടാരം ലേഖിക ധൃതരാഷ്ട്രരോട്ട് ചോദിച്ചു. കൊട്ടിപ്പാടി പാണ്ഡവർ വിജയം അരമനക്ക് മുമ്പിൽ ആഘോഷിക്കുന്ന പാണ്ഡവ അന്തഃപുരത്തിൽ കേൾക്കാമായിരുന്നു.

“യുദ്ധം ജയിച്ചു എന്ന് ഒരു തൽപര കക്ഷി വാക്കാൽ പറഞ്ഞാൽ, പിന്നെ അതാണോ യുദ്ധത്തിൽ അവസാനവാക്ക്? വ്യവസ്ഥാപിത വഴി അനുസരിച്ചെന്തെല്ലാം നടപടി ഇനിയും പൂർത്തിയാവണം, ചെങ്കോൽ ഞാൻ യഥാർത്ഥ വിജയിക്ക് കൈമാറാൻ? യുദ്ധനിർവ്വഹണ ചുമതല പൂർത്തിയാക്കിയ പ്രവിശ്യാ ഭരണാധികാരിയുടെ ഔദ്യോഗിക പ്രഖ്യാപനം കിട്ടണ്ടേ? അതിലെ കൊച്ചക്ഷരങ്ങൾ മറച്ചുപിടിക്കുന്ന വിശദാംശങ്ങൾ എന്തെല്ലാമാണ് എന്ന് രാജ്യതന്ത്രവിദഗ്ധർ വ്യക്തമാക്കേണ്ടേ? ഏറിയും കുറഞ്ഞും നൂറോളം കൗരവരുടെ ഭൗതികശരീരങ്ങൾ ഹസ്തിനപുരിയിൽ എത്തിക്കേണ്ട ഉത്തരവാദിത്വം ആർ പിന്നെ എറ്റെടുക്കും? കണ്ണ് കാണാത്ത ഈ കിഴവൻ വടികുത്തി പോണോ, തപ്പിത്തടഞ്ഞു ഓരോ കൗരവശവവും എണ്ണിത്തിട്ടപ്പെടുത്താൻ? ജയിച്ചു എന്നവകാശപ്പെടുന്ന പാണ്ഡവർ, തിരിച്ചറിയൽ പരിശോധനക്ക് വഴങ്ങേണ്ടേ?പതിമൂന്നു വർഷങ്ങളായി അവർ കാട്ടിൽ താമസിക്കുന്നു. ഒരുസന്ധ്യയിൽ അവരിവിടെ ഇന്ദ്രപ്രസ്ഥത്തിൽ നിന്നും ഓടിക്കിതച്ചെത്തി ചൂതാടിയതൊഴിച്ചാൽ, ദശാബ്ദക്കാലമായി അവർ ഖാണ്ഡവ വനത്തിലാണ്. വിചിത്രവും കൃത്രിമവുമായ ബ്രാഹ്മണവ്യക്തിത്വങ്ങൾ മെനഞ്ഞു, പാഞ്ചാലീസ്വയംവരം വ്യാജമായി പങ്കെടുത്ത പാണ്ഡവർ, ആണായും പെണ്ണായും മൂന്നാം ലിംഗമായും, വ്യത്യസ്ത വേഷപ്പകർച്ചകളിൽ രാജാക്കന്മാരെ എക്കാലവും കബളിപ്പിച്ചു എന്നു കേട്ടിട്ടുണ്ട്. ശന്തനു കൈകാര്യം ചെയ്ത ഈ ചെങ്കോൽ, അത് ഞാൻ അവർക്ക് ഏൽപ്പിക്കണമെങ്കിൽ, യഥാർത്ഥ അവകാശിയെന്നയാൾ തെരുവിൽ ഒച്ചവച്ച അവകാശപ്പെട്ടാൽ പോരാ, ആരാണെന്നവർ അവകാശപ്പെടുന്നവോ, അതു അവർ തെളിയിക്കയും വേണം. മക്കൾക്ക് വേണ്ടി ഞാൻ ഇക്കഴിഞ്ഞ പത്തിരുപത് ദിവസം രാപ്പകൽ പ്രാർത്ഥനയിലായിരുന്നത് കൊണ്ട് ഒരുപോള കണ്ണടക്കാൻ എനിക്കും ഗാന്ധാരിക്കും ആയില്ല. നിങ്ങൾ ദയവായി പോകൂ. ഞങ്ങൾ ഒന്ന് മയങ്ങട്ടെ. കോട്ടക്ക് ചുറ്റും ഉള്ള കിടങ്ങിൽ വെള്ളം നിറക്കാനും ചീങ്കണ്ണികളെ തുറന്നുവിടാനും വനം വകുപ്പ് മന്ത്രിയെ ചുമത്തപ്പെടുത്തി. കൊട്ടാരത്തിലേക്കു കാൽ വക്കാൻ ശ്രമിക്കുന്ന ചെങ്കോൽമോഹിക്കൊരു പാഠം പഠിപ്പിക്കട്ടെ, വിശന്നു വലഞ്ഞു ഇരയെ തേടുന്ന നൂറോളം ചീങ്കണ്ണികൾ!”

“നെറിയില്ലാത്ത നാഗരീക ജീവിതം മടുത്തു, ജീവിതസായാഹ്നം കാട്ടിൽ, എന്ന ലക്ഷ്യത്തോടെ അരമനയുടെ പടിയിറങ്ങുന്ന ഭർത്തൃമാതാവിനെ, തിരിഞ്ഞുനോക്കുമ്പോൾ, എങ്ങനെ നിങ്ങൾ അടയാള പ്പെടുത്തുന്നു?” കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട്ട് ചോദിച്ചു. പാണ്ഡവർ ഹസ്തിനപുരി ഭരിക്കുന്ന കാലം.

“ഭീതിയോടെ! യാഗാഗ്നിയിൽനിന്നും അയോനിജയെന്ന നിലയിൽ ഈ ലോകത്തുവന്ന എന്റെ ജന്മസവിശേഷത അരഞ്ഞാണം പോലെ രഹസ്യമാക്കി വക്കുകയാണ് പതിവെങ്കിലും, പുറംലോക ചതികളെക്കുറിച്ചു വേണ്ടത്ര ഗ്രാഹ്യമില്ലാതിരുന്ന കൗമാരത്തിലായിരുന്ന സ്വയംവരം. അർധരാത്രിയോടെ ക്ഷീണിച്ചവശയായി, ചാരിക്കിടക്കാനൊരു സ്വകാര്യഇടം തേടുകയായിരുന്നപ്പോൾ, അഞ്ചു പരുക്കൻ ആണുങ്ങൾ കൗശല വാത്സല്യത്തോടെ അടുത്തു വിളിച്ചിരുത്തി. എന്തിനാണവർ എന്നെ തൊടുന്നതെന്നോ, സ്നേഹത്തോടെ പെരുമാറുന്നതെന്നോ തിരിച്ചറിയാനായില്ല. എന്റെ അടിവസ്ത്രമഴിച്ചപ്പോൾ വല്ലായ്മതോന്നി. അപ്പോൾ തന്നെ പരിഭ്രാന്തിയോടെ മുറിയിൽ നിന്നും രക്ഷപ്പെട്ടു. അഥവാ രക്ഷപ്പെടാൻ ശ്രമിച്ചു. ഉടൻ എത്തി ശാസനാരൂപത്തിൽ കുന്തി മുമ്പിൽ. ചൂണ്ടുവിരൽ ചുണ്ടുകൾക്ക് വിലങ്ങനെ ഒരായുധംപോലെ നിർത്തി, അവൾ വിധി നിർണ്ണയിച്ചു, “അവർ ഭർത്താക്കന്മാർ! നിന്റെ ഉടലിൽ പരമാധികാരമുള്ള പാണ്ഡവ സഹോദരന്മാർ. പാരിതോഷികമായാണ് ഞാൻ അവരെ തന്നത്, സ്വീകരിച്ചു ആനന്ദിപ്പിക്കുകയാണ് നിന്റെ കർത്തവ്യം.”, അങ്ങനെ പറഞ്ഞു കൊണ്ടവൾ എന്നെ മുറിയിൽ തള്ളിയിട്ടതോർമ. ഇന്നും, രാത്രിയായാൽ എന്നിലൊരു കുട്ടി ഭീതിയോടെ ചുറ്റും നോക്കും, വിവാഹപൂർവ ലൈംഗിക ബന്ധങ്ങളിൽ അനുഭവമുള്ള അഞ്ചുആണുങ്ങളുടെ ലജ്ജയില്ലാ കൈവിരലുകൾ അരക്കെട്ടിൽ ചുറ്റിപ്പിടിച്ചു വസ്ത്രാക്ഷേപം രസിക്കുന്നുണ്ടോ!”

◇ 2025/03/30 ◇

“നീട്ടിയൊന്നു വിളിച്ചാൽ, മരണം പുഞ്ചിരിച്ചു ഓടിവരുന്ന സിദ്ധി നിങ്ങൾക്കുണ്ടെന്നു കേട്ടല്ലോ. പോരാട്ടസംഘാടകർ, ഒരുക്കിയ ശരശയ്യയിൽ കിടന്നു നരകിക്കുന്നതിനേക്കാൾ നല്ലതല്ലേ സ്വച്ഛന്ദമൃത്യു?”, കൊട്ടാരം ലേഖിക ചോദിച്ചു. പോർക്കളത്തിലെ ആളനക്കമില്ലാത്ത മൂലയിൽ, അശാന്തനായി ആകാശം നോക്കി കിടക്കുകയായിരുന്ന, സ്വർഗ്ഗജാത ഗംഗയുടെയും കുരുവംശ രാജാവിന്റെയും മകനായി ഒരു നൂറ്റാണ്ടുമുമ്പ് ജനിച്ച ദേവവ്രതൻ എന്ന ഭീഷ്മപിതാമഹൻ.

“അമ്മാ, എനിക്ക് ജീവിച്ച മതിയായി എന്ന് വിശ്വപ്രകൃതിയോട് ഏറ്റുപറയുന്ന ഏകാന്തനിമിഷങ്ങൾ ഉണ്ട്, ഓരോ പുലരിയിലും. പക്ഷേ, ആഗ്രഹം സാധിച്ചു തരാമെന്നു പ്രകൃതി ആശ്വസിപ്പിക്കുന്ന നേരത്തു, “നിർദ്ദയമെങ്കിലും, കണ്ടുംമിണ്ടിയും പരിചയമുള്ള ഈ ലോകം വിട്ട്, അപരിചിതമായ മരണാനന്തരലോകം നേരിടാൻ, പ്രത്യാശ നഷ്ടപ്പെട്ട അവസ്ഥയിൽ എനിക്കാവുന്നില്ലല്ലോ”, എന്ന് ഞാൻ രാത്രി വിലപിക്കുമ്പോൾ പ്രകൃതി ആശ്വസിപ്പിക്കും, “അങ്ങനെയെങ്കിൽ പ്രാരാബ്ധങ്ങളുടെ ശരശയ്യയിൽ സഹനം തുടരൂ മകനെ, ഈ രാത്രിയും നീ!””

“ശരശയ്യയിൽ കിടക്കുന്ന പിതാമഹനെ ഒരുനോക്കുകാണാൻ വരുന്നുണ്ടോ ആരെങ്കിലും?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. കുരുക്ഷേത്ര.

“സ്വയം മുറിവേൽപ്പിച്ച പിതാമഹൻ കിടപ്പുരോഗി ആയാൽ, ഒളിഞ്ഞു നോക്കില്ലേ ശത്രു?”

◇ 2025/03/31 ◇

“സ്വേച്ഛാധിപത്യ പ്രവണതയുടെ ‘അപഹാര’ത്തിൽ ആണെങ്കിലും, ധർമ്മിഷ്ഠനും ഏകപത്നീവ്രതക്കാരനുമല്ലേ. എന്നിട്ടും നിങ്ങൾ മാനസികമായും ശാരീരികമായും സമ്മർദ്ദത്തിലാക്കി മാത്രമേ ഊഴമനുസരിച്ചു ഇണചേരാൻ സമ്മതിക്കൂ എന്നുവച്ചാൽ!”, കൊട്ടാരം ലേഖിക ദ്രൗപദിയോട് ചോദിച്ചു. കടിയേറ്റക്കാരായി പാണ്ഡവകുടുംബം ഖാണ്ഡവ പ്രസ്ഥത്തിലേക്കു പോയ സംഘർഷ ദിനങ്ങൾ.

“കരുത്തുള്ള പുത്രതലമുറയെ ഉൽപ്പാദിപ്പിക്കാൻ, പരിണാമപരമായ തിരഞ്ഞെടുപ്പ പരീക്ഷണങ്ങൾ പ്രസവയോഗ്യയായ ഭാര്യയുടെ ഭാഗത്തുവേണ്ടേ? അവൻ ധർമ്മിഷ്ഠൻ ആണോയെന്നല്ല, കൗന്തേയരിൽ കരുത്തൻ ആരെന്നാണ് സുരതയോഗ്യത നിർണയിക്കാനുള്ള പരിഗണന. ഒരു പാണ്ഡവനെയും ‘പരമയോഗ്യ’നെന്ന അടയാളപ്പെടുത്തിയിട്ടില്ല. ബഹുഭർത്തൃത്വ വിവാഹജീവിതം ഒക്കെ ഈയിടെയല്ലേ. ‘ഹസ്തിനപുരി പത്രിക’ കാത്തിരിക്കൂ, അതിനിടയിൽ ധൃതരാഷ്ട്രരിൽ നിന്നും ഇഷ്ടദാനമായി പതിച്ചുകിട്ടിയ ഖാണ്ഡവവനം പാണ്ഡവർ രഹസ്യമായി തീയിടുമോ, അതോ, അതിലോല ആവാസവ്യവസ്ഥയുടെ അവസ്ഥാന്തരം അനുകമ്പയോടെ പരിഗണിക്കുമോ എന്നും നോക്കട്ടെ. പ്രസവിക്കാൻ അഞ്ചു പേരുമായി മാറി മാറി ഇണ ചേരുക മാത്രമല്ലല്ലോ സാമൂഹ്യബോധമുള്ള വനിതയുടെ ജീവിതാഭിലാഷം!” പുറത്തു പറയാനാവാത്ത അഭിലാഷങ്ങൾ ഓമനമുഖത്തു മിന്നിമാഞ്ഞു. നകുലന്റെ ചാരക്കണ്ണുകൾ മൊത്തം തലോടിക്കൊണ്ടിരുന്നു.

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014